കേരള മലയാളപാഠാവലി

H.S. 2031

KOTTAYAM
KERALA STATE

പുസ്തകം 2

H-S. 2031

കേരള
മലയാള പാഠാവലി

പുസ്തകം ൨

KOTTAYAM
KERALA STATE

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി
തയ്യാറാക്കിയതു്

വില: 40 നയാപൈസ.

1959

©
The Government of Kerala
1959

H.S.

വിഷയവിവരം

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

പാഠം.		പേജ്.
1.	പ്രാർത്ഥന (പദ്യം)	1
2.	അമ്മ	3
3.	മനുഷ്യന്റെ ചങ്ങാതി	6
4.	കൊക്കും ചെന്നായും	11
5.	വാഴത്തോട്ടം (പദ്യം)	15
6.	തെങ്ങ്	17
7.	പൊന്മുട്ടയിടുന്ന താറാവ്	21
8.	നേരമ്പോക്കിനു നേരമ്പോക്ക്	25
9.	സുഖമല്ലേ? (പദ്യം)	30
10.	കന്യാകുമാരി	32
11.	ധ്രുവൻ	36
12.	ഉണ്ണിക്കൃഷ്ണൻ (പദ്യം)	42
13.	വിദ്യയ്ക്കു വിദ്യ	45
14.	പൂച്ച	49
15.	കിളിമകൾ (പദ്യം)	52
16.	ജീവികളോടു ദയ	54
17.	ആർക്കും നന്മ നേടാം	59
18.	മാവ്	63
19.	കാറ്റേ വാ (പദ്യം)	68
20.	ചിലന്തിയും രാജാവും	70
21.	ഭാരതപ്പുഴ	73
22.	കിട്ടുന്നതിൽ പാതി	77
23.	ശീലം (പദ്യം)	82
24.	വിലപിടിച്ച വസ്തു	83

പാഠം.		പേജ്
25.	സത്യവാനായ ബാലൻ	87
26	മയിൽപ്പീലിയിലെ കണ്ണുകൾ	91
27.	പേനക്കത്തി	96
28.	കുട്ടിക്കളി (പദ്യം)	101
29.	സിംഹവും എലിയും	104
30	വണ്ടും പൂക്കളും (പദ്യം)	109
31	പൂച്ചയ്ക്കു് ആരു മണികെട്ടും ?	111
32.	മഹാബലി	115

പാഠം ൧

പ്രാൎത്ഥന

കാരുണ്യം കോലുന്ന സ്നേഹസ്വരൂപാ, നിൻ-
കാലിണ കൈവണങ്ങുന്നു ഞങ്ങൾ.

വായുവും വെള്ളവും മണ്ണുമാകാശവും
തീയും ഹാ, നിന്റെയനുഗ്രഹങ്ങൾ !
പ്രാണനും ബുദ്ധിയും ദേഹവും ശക്തിയും
പ്രാണനും പ്രാണനാം നിന്റെയല്ലോ.

61|564

എന്തിലും മീതെ മുഴങ്ങട്ടെ ദൈവമേ,
നിൻ തിരുനാമവും കാരുണ്യവും.

നല്ലതേ തോന്നാവൂ, നല്ലതേ ചൊല്ലാവൂ,
നല്ലതേ ചെയ്യാവൂ, നിൻദയയാൽ
എന്നുമതിനുള്ള ശുദ്ധിയും ശക്തിയും
തന്നരുളേണമേ തമ്പുരാനേ!

കാരുണ്യം കോലുന്ന സ്നേഹസ്വരൂപാ, നിൻ-
കാലിണ കൈവണങ്ങുന്നു ഞങ്ങൾ.

—ജി

———

പാഠം ൨

അമ്മ

നിങ്ങളെ ഓമനിച്ചു വളർത്താൻ പലരും ഉണ്ടു്. എങ്കിലും അമ്മയ്ക്കാണു്, നിങ്ങളോടു് അധികം ഇഷ്ടം. വിശക്കുമ്പോൾ അമ്മ നിങ്ങൾക്കു് ആഹാരം തരുന്നു. കളിക്കാൻ

കളിപ്പാട്ടങ്ങൾ തരുന്നതും അമ്മയല്ലേ? ശരീരത്തിൽ അഴുക്കും പൊടിയും പുരളുമ്പോൾ, അമ്മ കുളിപ്പിക്കുന്നു. നിങ്ങൾക്കു് ഉറക്കം വരുമ്പോൾ, അമ്മ പാട്ടുപാടി ഉറക്കുന്നു.

അമ്മ ചെയ്യുന്ന ഉപകാരം എത്ര വലുതാണു്! കൊച്ചുകുട്ടികൾക്കു താനേ ഒന്നും ചെയ്യാൻ ശക്തിയില്ല; വേണ്ടതു ചോദിക്കാനും പറയാനും കഴിവില്ല; വിശന്നാലും ദാഹിച്ചാലും കരയാൻ മാത്രമേ കഴിവുള്ളു. എന്തിനാണു കുഞ്ഞു കരയുന്നതു്, എന്നു് അമ്മ അറിയും. അമ്മ കുഞ്ഞിനെ ലാളിക്കും; അതിനു വേണ്ടതു കൊടുക്കും; കുഞ്ഞിൻെറ കരച്ചിൽ മാറുകയും ചെയ്യും.

പിച്ച നില്ക്കാനും നടക്കാനും അമ്മയല്ലേ നിങ്ങളെ ശീലിപ്പിച്ചതു്? അമ്മ പറയുന്നതു കേട്ടാണു്, നിങ്ങൾ പറയാനും പഠിച്ചതു്. അമ്മ തന്നെ നിങ്ങളെ മുണ്ടു് ഉടുക്കാനും ഉടുപ്പു് ഇടാനും പഠിപ്പിച്ചു.

അങ്ങനെ സ്നേഹിച്ചു വളർത്തുന്ന അമ്മയോടു് നിങ്ങൾക്കു സ്നേഹവും ഭക്തിയും തോന്നുന്നു; നിങ്ങൾ അമ്മ പറയുന്നതു് അനുസരിച്ചു് എല്ലാം ചെയ്യുന്നു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) ഒന്നും ചെയ്യാൻ ശ — ഇല്ല.

(ii) അ — ചെയ്യുന്ന ഉപകാരം എ — വലുതാണ്!

2. അമ്മ — ലാളിക്കും.

[ആരെ ലാളിക്കും? എഴുതുക]

പാഠം ൩

മനുഷ്യന്റെ ചങ്ങാതി

ഭൗ ഭൗ! ക്ഷമിക്കണം. നിങ്ങളെ എനിക്കു പരിചയം ഇല്ല. പരിചയം ഇല്ലാത്ത ഒരാൾ വന്നാൽ, ഞാൻ കുരയ്ക്കും. എന്റെ യജമാനനെ അറിയിക്കണമല്ലോ. വീട്ടുടമസ്ഥൻ അനവധി

ച്ചാൽ, നിങ്ങൾക്കു് ഇങ്ങോട്ടു കടക്കാം; അകത്തേയ്ക്കു പോകാം. എന്നെ ചങ്ങലയിട്ടു് ഇവിടെ നിർത്തിയിരിക്കുന്നതു് ഈ വീടു കാക്കുവാൻ ആണു്. തിന്നുന്ന ചോറിനു ഞാൻ കൂറു കാണിക്കും.

ഭൗ ഭൗ! ഞാൻ അനങ്ങാതെ കണ്ണുമടച്ചു കിടക്കുകയായിരുന്നു. ഉറങ്ങുകയാണെന്നു നിങ്ങൾ വിചാരിച്ചു, അല്ലേ? ഉറങ്ങുകയാണെങ്കിൽത്തന്നെ എന്താ? ചെറിയ അനക്കമോ ഒച്ചയോ ഉണ്ടായാൽ മതി; ഞാൻ ഉണരും. ഇന്നലെ രാത്രി ഏതോ ഒരു വലിയ പശു തോട്ടത്തിൽ കടന്നു. ആ വലിയ കൊമ്പു കണ്ടാലുണ്ടോ ഞാൻ പേടിക്കുന്നു? ഒരു മാതളനാരകത്തിൻെറ കൂമ്പു മാത്രമേ ആ കള്ളിക്കു കടിക്കുവാൻ പററിയുള്ളു. ഞാൻ ആ പയ്യിനെ ഈ പറമ്പു മുഴുവൻ ഇട്ടു് ഓടിച്ചു. കഴുത്തിൽ നല്ലൊരു കടിയും കൊടുത്തു. ഇനി ഈ പറമ്പിൽ ആ കറുമ്പി കടന്നു വരില്ല. കള്ളന്മാരോടും ഞാൻ ദയ ഇല്ലാതെ പെരുമാറും.

ബൗ ബൗ! യജമാനൻ പുറത്തേയ്ക്കുവന്നു. നിങ്ങൾ പരിചയക്കാരാണെന്നു തോന്നുന്നു. ഞാൻ മാറി നിന്നേയ്ക്കാം. കുരച്ചതു ക്ഷമി

ക്കണം. വരാന്തയിലേയ്ക്കു കേറിക്കൊള്ളൂ. ഇനി വരുമ്പോൾ ഞാൻ നിങ്ങളെ തിരിച്ചറിയും; സ്നേഹം കാണിക്കാൻ ഒന്നു മൂളും; വാലാട്ടിയെന്നും വരാം. യജമാനൻെറ സ്നേഹിതന്മാരെ ഞാൻ ഉപദ്രവിക്കുകയില്ല. ഇവിടെ കിടന്നൊന്നു കണ്ണടയ്ക്കട്ടെ.

എൻെറ വർഗ്ഗക്കാരും മനുഷ്യരും തമ്മിൽ പണ്ടേ വലിയ സ്നേഹമാണു്. പണ്ടേ എന്നു വച്ചാലോ, ഒരു പത്തു പതിനായിരം കൊല്ലങ്ങൾക്കു മുൻപു മുതൽക്കുതന്നെ. അന്നു്, മനുഷ്യർ കാടു വെട്ടിത്തെളിച്ചു നാടാക്കിക്കഴിഞ്ഞിരുന്നില്ല. കൊടും തണുപ്പത്തു കാട്ടിൽ ചിലർ തീയും കൂട്ടി തീ കാഞ്ഞുകൊണ്ടിരിക്കയായിരുന്നു. എൻെറ വർഗ്ഗത്തിൽപ്പെട്ട ഒരു നായു് പേടിച്ചു പേടിച്ചു്, ചൂടു കിട്ടാൻ അടുത്തുചെന്നു. ഒടുവിൽ പരിചയമായി. വല്ല പന്നിയോ പുലിയോ അകലെയെങ്ങാൻ അനങ്ങുന്നതു കേട്ടാൽ, എൻെറ ആ പൂർവ്വികൻ അറിയിപ്പു കൊടുത്തിരുന്നു. സ്നേഹവും ഉപയോഗവുമുള്ള ജീവികളാണു് ആ പൂർവ്വികൻെറ വർഗ്ഗക്കാർ എന്നു മനുഷ്യർക്കു മനസ്സിലായി. മനുഷ്യർ നായ്ക്കളെ ഇണക്കി വളർത്തി. ഈ ബന്ധം ഞങ്ങൾക്കു മറക്കുവാൻ പറ്റുമോ?

മനുഷ്യരാണ് വേഗവും ശക്തിയും ഭംഗിയും ഉള്ള നായ്ക്കളുടെ വർഗ്ഗങ്ങളെ അറിഞ്ഞു വളർത്തിയത്. അവരുടെ ആടുകളെ മേയ്ക്കാൻ ഞങ്ങളുടെ കൂട്ടത്തിൽ ചിലർ മിടുക്കന്മാരാണ്. ചിലർക്കു വേട്ടയാടുന്നതിൽ പങ്കെടുക്കാനാണ് സാമർത്ഥ്യം. വീടുകാക്കുന്നതിനും കള്ളന്മാരെയും കുറ്റക്കാരെയും മണത്തറിയുന്നതിനും ഒക്കെ ശീലിച്ചിട്ടുള്ളവരാണ് ഞങ്ങളിൽ ചിലർ. മനുഷ്യർ ഞങ്ങളെ ലാളിച്ചു വളർത്തുന്നു. കുറച്ചു മാംസവും കുറച്ചു ചോറും തരണം; ചിലപ്പോൾ ഒന്നു കുളിപ്പിക്കണം, എന്നാൽ ഞങ്ങൾക്കു തൃപ്തിയായി,

“മ്യാവൂ! മ്യാവൂ!” ആരുടെയാണ്, ആ ശബ്ദം? യജമാനന്റെ പൂച്ചയുടെ വരവാണ്. പൂച്ചയുടെ നടപ്പും സമ്പ്രദായവും കണ്ടാൽ തോന്നും, ഈ വീട് സ്വന്തമാണെന്ന്. ചിലപ്പോൾ യജമാനന്റെ കസേരയിൽ കേറി കിടക്കും; അടുക്കളയിലും മറ്റും ചുററി നടക്കും. എനിക്കു് ഇതൊന്നും അത്ര രസിക്കാറില്ല. എന്തു ചെയ്യും? ഇവിടത്തെ പൂച്ചയല്ലേ? എന്നാലും ഞാൻ ഒന്നു മുരളും. എലിയേയും പാററയേയും ഗൗളിയേയും തിന്നാൻ അല്ലാതെ പൂച്ചയെ എന്തിനു കൊള്ളാം?

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) മനുഷ്യന്റെ ച — തി. എന്റെ വ — ത്തിൽപ്പെട്ട ഒരു നാ —.

(ii) ചിലർക്കു വേ — യാടുന്നതിൽ പ — ട്ടുക്കാനാണു സാമ —.

(iii) വരാ — യിലേയ്ക്കു കേറി — ള്ളു.

(iv) ഈ ബ — ഞങ്ങൾക്കു മറക്കാൻ പ — മോ ?

2. നായ് — — എന്നു കുരയ്ക്കും,
പൂച്ച — — എന്നു കരയും.
[മ്യാവൂ മ്യാവൂ, ഭൗ ഭൗ — ഈ ശബ്ദങ്ങൾ ചേർച്ച നോക്കി എഴുതുക]

3. (i) മനുഷ്യരും നായ്ക്കളും തമ്മിൽ വളരെ ക്കാലം മുൻപ് അടുത്തതെങ്ങനെ ?

(ii) നായ്ക്കൾ മനുഷ്യരോട് എങ്ങനെ കൂറു കാണിക്കുന്നു ?

4. ഓർമ്മിക്കുക:—

തിന്ന ചോറിനു കൂറ് = നന്ദി (കൃതജ്ഞത)
കൃതജ്ഞത × കൃതഘ്നത.

പാഠം ർ

കൊക്കും ചെന്നായും

കാട്ടിൽ ഒരു കുളം. കരയിൽ ഒരു മരം. ആ മരത്തിന്റെ കൊമ്പിൽ ഒരു കൊക്ക് ഇരിക്കുകയായിരുന്നു. കൊക്ക് എന്തോ വല്ലാത്ത ഒരു ശബ്ദം കേട്ടു; അങ്ങോട്ടു നോക്കി. ഒരു തടിയൻ ചെന്നായ് എന്തോ തൊണ്ടയിൽ തടഞ്ഞിട്ടെന്നപോലെ വിഷമിക്കുന്നു. കൊക്ക് ചിരി അമർത്തിക്കൊണ്ട്, വിളിച്ചു ചോദിച്ചു: "എന്തു പററി? തൊണ്ടയിൽ വല്ലതും തങ്ങിയിരിപ്പുണ്ടോ? എന്തെങ്കിലും തിന്നാൻ കിട്ടിയാൽ അത്യാർത്തി കാട്ടരുത്. ക്ഷമയോടുകൂടി പതുക്കെ തിന്നരുതോ?

ചെന്നായ്ക്ക് ആ ഉപദേശവും ചോദ്യവും തീരെ രസിച്ചില്ല. കോപം അടക്കിക്കൊണ്ടു പറഞ്ഞു: "എന്റെ പൊന്നുചങ്ങാതീ, എനിക്ക് ഒരു അബദ്ധം പററി. മാനിന്റെ പുതിയ ഇറച്ചി തിന്നുകയായിരുന്നു. ഒരു കൂർത്ത എല്ലു തൊണ്ടയിൽ കുരുങ്ങി. എന്തു വേദന! നിന്റെ നീണ്ട കൊക്കുകൊണ്ടു്

അതൊന്ന് എടുത്തു കളയാമോ? ഉപകാരം ചെയ്താൽ ഒരിക്കലും ഞാൻ മറക്കുകയില്ല."

കൊക്ക് ആദ്യം സംശയിച്ചു. "ഈ ദുഷ്ടനെ വിശ്വസിക്കാമോ? ഇവൻെറ വായിൽ എൻെറ തല വച്ചുകൊടുത്താൽ ആപത്തു വരുമോ?" ഒടുവിൽ തീരുമാനിച്ചു: "ആപത്തിൽപ്പെട്ടവരെ സഹായിക്കണം. അതു ചുമതലയാണ്. എന്തെങ്കിലുമാവട്ടെ."

കൊക്ക് ചെന്നായുടെ അടുക്കൽ പറന്നെത്തി; ചിറക് ഒതുക്കി നിന്നിട്ടു പറഞ്ഞു: "വായ് തുറക്കൂ. മുകളിലേയ്ക്കു നോക്കൂ. ഞാൻ ഒന്നു നോക്കട്ടെ."

ചെന്നായ് വായ് തുറന്നു. വേദനയോടെ കൊക്കിൻെറ നേരെ നോക്കി.

കൊക്ക് ചെന്നായുടെ വായിൽ തല കടത്തി; കൊക്കുകൊണ്ട് ആ എല്ലു കൊത്തി വലിച്ചു പുറത്തെടുത്തു. ചെന്നായ്ക്ക് ആശ്വാസമായി. അവൻ പോകാൻ ഭാവിച്ചുകൊണ്ടു പറഞ്ഞു: "എന്നാൽ പിന്നെക്കാണാം."

കൊക്കു ചോദിച്ചു: "ഉപകാരത്തിനു പകരം ഉപകാരം ഒന്നും വേണ്ട; ഒരു നല്ല വാക്കു പറഞ്ഞുകൂടേ?"

ചെന്നായ് പുച്ഛിച്ചുകൊണ്ടു പറഞ്ഞു: “നിന്റെ തല എന്റെ വായിൽ ആയിട്ടും ഞാൻ അതു കടിച്ചെടുത്തില്ലല്ലൊ. ഇനി ഒരു നല്ല വാക്കുംകൂടി വേണോ?”

ചെന്നായ് ഒന്നു മുരണ്ടുകൊണ്ട് അവിടെ നിന്നു പോയി.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) ചെന്നായ്ക്ക് ആ — സമായി.

(ii) ചെന്നായ്ക്ക് ആ ഉപദേ — വും ചോ — വും തീരെ രസിച്ചില്ല.

(iii) കൊക്ക് ആ — സം — യിച്ചു.

2. ഉപകാരത്തിനു പകരം ഉപകാരം. ഇതിനു് ഒരു ഒററ വാക്കു പറയട്ടെ? 'പ്രത്യുപകാരം' എന്നാണതു്. മറക്കരുതു്. ഉപകാരത്തിനു പകരം എന്തു ചെയ്യണം? —— ചെയ്യണം.

3. (i) ചെന്നായ് എന്താണു തിന്നതു്? തൊണ്ടയിൽ എന്തു കുരുങ്ങിയിരുന്നു?

(ii) ചെന്നായ് എന്തു പറഞ്ഞുകൊണ്ടാണു പോയതു്?

(iii) കൊക്ക് ചെന്നായ്ക്ക് എന്തു സഹായം ചെയ്തു?

[പക്ഷിയുടെ കൊക്ക്, കൊക്ക് എന്ന പക്ഷി, വരയിട്ടിട്ടുള്ള വാക്കിൻെറ അർത്ഥഭേദം മനസ്സിലാക്കി ക്കൊടുക്കണം.]

പാഠം ൫

വാഴത്തോട്ടം

താഴത്തു ഭാഗത്തു വീണു കിടക്കുന്ന
വാഴപ്പഴം കൊണ്ടു മൂടീ മഹീതലം ;
പാഴററ പട്ടു വിരിച്ച കണക്കിനാ
വാഴയ്ക്കു ചുററും പ്രകാശമുണ്ടപ്പൊഴും.

വാവലും കാക്കയും പച്ചക്കിളികളും
പ്രാവും പരുന്തും പറന്നു നടക്കുന്ന
പക്ഷികൾ വന്നീപ്പഴുത്ത ഫലങ്ങളെ-
ബ്ഭക്ഷിക്കുമാറില്ല പേടികൊണ്ടാരുമേ.

—കുഞ്ചൻനമ്പ്യാർ.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—.

(i) വാഴ — ചുററും — കാശമുണ്ടെപ്പോഴും

(ii) പ — കൾ വന്നീ — ഴുത്ത — ലങ്ങളെ
— ക്ഷിക്കുമാറില്ല പേടികൊണ്ടാരുമേ.

2. ഫലങ്ങളെ + ഭക്ഷിക്കുമാറില്ല =

പച്ച + കിളി =

ഈ വാക്കുകൾ ചേർക്കുമ്പോൾ എങ്ങനെ എഴുതണം.

3. (i) നിലം എന്തുകൊണ്ടാണ് മൂടിപ്പോയതു്?

(ii) വാഴക്കു ചുററും എന്തു വിരിച്ചതുപോലെ തോന്നും ?

4. തിന്നുക = വെളിച്ചം = ഭൂമി =

ഈ മൂന്നു വാക്കിനു പകരം പാഠത്തിൽ കാണുന്ന മൂന്നു വാക്ക് ഇവക്കു നേരെ എഴുതുക.

[ഭക്ഷിക്കുക — പ്രകാശം — മഹി]

പാഠം ൩

തെങ്ങ്

കേരളത്തിൽ എവിടെയും തെങ്ങു വളരുന്നുണ്ടു്. കടൽത്തീരങ്ങളിലും കായലോരങ്ങളിലുമാണു്, വലിയ തെങ്ങിൻതോപ്പുകൾ വളരെ ഉള്ളതു്. അവിടങ്ങളിൽ തെങ്ങിൻതൈയ്കൾ നല്ലപോലെ പിടിക്കും. തെങ്ങുകൾ നല്ലവണ്ണം കായ്ക്കുകയും ചെയ്യും.

ഒററത്തടിയായി വളരുന്ന ഒരു വൃക്ഷമാണ് തെങ്ങ്. മാവിനും പ്ലാവിനും മററും കൊമ്പുകളും കവരങ്ങളും ഉണ്ടാകുമല്ലോ. തെങ്ങിനു കൊമ്പോ ചില്ലയോ ഇല്ല; തലയ്ക്കൽ ഓലകൾ മാത്രം കാണാം. തെങ്ങു വളരെ പൊക്കം വയ്ക്കുന്ന ഒരു വൃക്ഷമാണ്. മടലുകൾ നീണ്ട്, ഓലകൾ വിരിഞ്ഞ്, ക്രുമ്പും കുലയുമായി നില്ക്കുന്ന തെങ്ങു കാണാൻ നമുക്കു കൗതുകം തോന്നും. അതിന് അത്ര ഭംഗിയുണ്ട്.

പാകമായ തേങ്ങ പാകി മുളപ്പിച്ച് തെങ്ങിൻ തൈയ് ഉണ്ടാക്കുന്നു. തൈയ്കൾ നടുന്നത് വളരെ അടുപ്പിച്ചായിരിക്കരുത്. ഓലകൾ തമ്മിൽ മുട്ടാതിരിക്കത്തക്കവിധം അകലമിട്ടു തൈയ് വയ്ക്കണം. ഉപ്പും കുമ്മായവും ചാമ്പലും തെങ്ങിനു വളം ആകുന്നു. എല്ലിൻ പൊടിയും നല്ല വളമാണ്.

ഉള്ളിലെ കാമ്പ് ഉറയ്ക്കാത്ത തേങ്ങയാണ് കരിക്ക്. അതിന് ഇളംനീരെന്നും പറയും. ദാഹിച്ചു വലഞ്ഞ ഒരാൾക്കു കരിക്കിൻവെള്ളം കുടിച്ചാൽ ദാഹവും തീരും, ക്ഷീണവും പോവും. മൂത്ത നാളികേരം ഉടച്ച് കാമ്പു ചിരകിയെടുത്ത് കറിയിലും മററും

അരച്ചു ചേൎക്കുന്നു. അതിനെന്തു രുചിയാണെന്നോ! മൂത്തു പാകം വന്ന നാളികേരം ഇടിച്ചുപിഴിഞ്ഞു വേവിച്ചു വെളിച്ചെണ്ണ എടുക്കാം. നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും നല്ല വില കിട്ടും.

മൂത്ത തെങ്ങിൻെറ തടി വീടു പണിയാൻ ഉപയോഗിക്കാറുണ്ടു്. ഓല മെടഞ്ഞു വീടു മേയുവാൻ എടുക്കുന്നു. ഉണങ്ങിയ ഓലയും മടലും ചിരട്ടയും തീ കത്തിക്കാൻ കൊള്ളാം. കുരുത്തോലയും പൂക്കുലയും കൊണ്ടു് പന്തലും മററും അലങ്കരിക്കുന്നതു കണ്ടിട്ടില്ലേ! തെങ്ങിൻെറ ഏതു സാധനമാണു് ഉപയോഗമില്ലാത്തതു്? എല്ലാം ഉപയോഗമുള്ളതുതന്നെ.

തെങ്ങു് ഈ നാട്ടിനു് ഒരു കല്പവൃക്ഷമാകുന്നു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേൎക്കുക:—

(i) കുരു — ല. സാ — നം. നാളി — രം.

(ii) തെ — ഈ നാ — നു ഒരു ക — വൃക്ഷം ആകു ന്നു.

2. തെങ്ങ് ഒരു —— ആകുന്നു.

ആന ഒരു —— ആകുന്നു.

അരയന്നം ഒരു —— ആകുന്നു.

(പക്ഷി, മരം, മൃഗം ഈ വാക്കുകൾ ചേർച്ച നോക്കി ചേർക്കുക.)

3. (i) തെങ്ങുകൊണ്ടു നമുക്കുള്ള ഉപകാരം എന്തെല്ലാം?

(ii) 'വിചാരിക്കുന്നതെല്ലാം തരുന്ന മരം' എന്നതിനു പകരം പറയാവുന്ന ഒററ വാക്ക് എഴുതുക. (ഈ പാഠത്തിലുണ്ടു ആ വാക്ക്)

(iii) തെങ്ങിന്റെ —

മാവിന്റെ —

ഇല, ഓല ഈ വാക്കുകൾ ചേർച്ച നോക്കി ച്ചേർക്കുക.

പാഠം ൧

പൊന്മുട്ടയിടുന്ന താറാവ്

ഉച്ചയ്ക്ക് അമ്മൂമ്മ മുറുക്കിക്കൊണ്ടിരിക്കുകയാണ്. ലതയും ലളിതയും അടുത്തുചെന്നുകൂടി. അവക്കു കഥ കേൾക്കണം. കഥ അമ്മൂമ്മതന്നെ പറയുകയും വേണം.

ലളിത:—അമ്മൂമ്മേ, ഇന്ന് ആ കഥ പറയണം; പൊന്മുട്ടയിടുന്ന താറാവിൻെറ കഥ.

ലത:—പൊന്മുട്ടയിടുന്ന താറാവോ!

അമ്മൂമ്മ:—അതെ, പൊന്മുട്ടയിടുന്ന താറാവു തന്നെ. അതു് ഒരു വിശേഷപ്പെട്ട താറാവായിരുന്നു. ഒരു കൃഷിക്കാരനു് എങ്ങനെയോ അതിനെ കിട്ടി. അയാൾ വാത്സല്യത്തോടെ അതിനെ വളർത്തി.

ലളിത:—ആ കൃഷിക്കാരൻ വലിയ ഭാഗ്യവാൻ തന്നെ. എന്നും ആ താറാവു പൊന്മുട്ടയിട്ടിരുന്നോ, അമ്മൂമ്മേ?

അമ്മൂമ്മ:—അതു് എന്നും ഓരോ പൊന്മുട്ട ഇട്ടുവന്നു. കൃഷിക്കാരൻെറ ദാരിദ്ര്യം തീർന്നു.

അയാൾ ചെറിയൊരു വീടുണ്ടാക്കി; സുഖമായിട്ട് അങ്ങനെ കഴിഞ്ഞുകൂടി.

ലത:—എന്നിട്ട്?

ലളിത:—അതല്ലേ, നമുക്ക കേൾക്കേണ്ടത്.

അമ്മൂമ്മ:—എന്നിട്ട് അയാൾക്കൊരു ദുർമ്മോഹം തോന്നി, വേഗത്തിൽ ഒരു വലിയ പണക്കാരൻ ആവണമെന്ന്. ഇനി പാടത്തുപോയി പണിയെടുക്കാൻ കഴികയില്ലെന്നു കൃഷിക്കാരൻ തീരുമാനിച്ചു.

ലത:—പണിയെടുക്കാതെ സമ്പന്നനാവണം എന്ന മോഹം നല്ലതല്ല.

അമ്മൂമ്മ:—അല്ല, നല്ലതല്ല. എന്തുചെയ്യാം. അയാൾക്ക അങ്ങനെയായിരുന്നു മോഹം. ആ താറാവിന്റെ വയററിൽ നിറയെ സ്വർണ്ണമായിരിക്കും എന്നാണ് ആ അത്യാഗ്രഹി വിചാരിച്ചത്. ഒരു ദിവസം അയാൾ നല്ലൊരു കത്തി എടുത്തു തേച്ച്, മൂർച്ച കൂട്ടിവച്ചു.

ലളിത:—എന്തിന്?

ലത:—താറാവിന്റെ വയറു കീറാൻ! അല്ലാതെ എന്തിനാ?

അമ്മൂമ്മ:—തനിക്കു് എന്നും പൊന്മുട്ട തന്നിരുന്ന ആ പക്ഷിയുടെ വയറു് അത്യാഗ്രഹം മൂലം അയാൾ കീറി. 'ക്വാക്, ക്വാക്' എന്നു നിലവിളിച്ചുകൊണ്ടു താറാവു കിടന്നു പിടഞ്ഞു. അതെന്തു ചെയ്യും! ആദ്യകാലത്തു് ആ കൃഷിക്കാരൻ കനിവും സ്നേഹവും ഉള്ളവൻ ആയിരുന്നു. ധനത്തിലുള്ള ആഗ്രഹം കൂടിക്കൂടി വന്നു. അതോടുകൂടി അയാളുടെ മനസ്സിൻെറ അലിവു കുറഞ്ഞു കുറഞ്ഞും വന്നു.

ലളിത:—താറാവിൻെറ വയററിൽ സ്വർണ്ണം ഉണ്ടായിരുന്നോ?

അമ്മൂമ്മ:—ചോരയും മാംസവും മാത്രമേ ഉണ്ടായിരുന്നുള്ളു.

ലത:—അത്യാഗ്രഹിക്കു് അങ്ങനെ തന്നെ പററണം. പതിവായി കിട്ടിയിരുന്ന പൊന്മുട്ടകൂടി കിട്ടാതെയായല്ലോ.

ലളിത:—ശരിയാണു ജ്യേഷ്ഠത്തി പറഞ്ഞതു്. അത്യാഗ്രഹവും ദുരാഗ്രഹവും നല്ലവരുടെ മനസ്സുപോലും കഠിനമാക്കും.

അമ്മൂമ്മ:—ആ കൃഷിക്കാരൻ പിന്നെ വളരെ വ്യസനിച്ചു. എന്തു ഫലം!

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) ആ കൃ — ക്കാരൻ വലിയ ഭാ — വാൻ തന്നെ.

(ii) മന — ന്റെ അലിവു കുറഞ്ഞു കുറ — വന്നു.

(iii) അ — ഗ്രഹം. ദുരാ — ഹം.

(iv) അയാൾ വാ — ല്യത്തോടെ വളർത്തി.

2. (i) ധനത്തിലുള്ള ആഗ്രഹം കൂടിക്കൂടിവന്നു. —— കുറഞ്ഞു കുറഞ്ഞും വന്നു. (എന്തു്? എഴുതുക.)

(ii) കൃഷിക്കാരൻ താറാവിന്റെ വയർ കീറിയതു് എന്തിനു്?

(iii) അത്യാഗ്രഹിയായ മനുഷ്യനു് എന്തു പററി?

പാഠം ൮

നേരമ്പോക്കിനു നേരമ്പോക്ക്

ആന ഒരു കാട്ടുമൃഗമാണ്. എന്നാലും അതിനെ പിടിച്ച് ഇണക്കാറുണ്ട്. ഇണങ്ങിയാൽ അതു നല്ലപോലെ ഇണങ്ങും; പിണങ്ങിയാൽ നല്ലപോലെ പിണങ്ങുകയും ചെയ്യും. മററു ജന്തുക്കളെക്കാൾ ആനയ്ക്കു ബുദ്ധിശക്തിയും ദേഹശക്തിയും ഉണ്ട്.

ആനകളെപ്പററിയുള്ള അനേകം കഥകളുണ്ട്. ചില കഥകൾ അവയുടെ സ്നേഹം വെളിപ്പെടുത്തുന്നു. ചിലതു് പക വെളിപ്പെടുത്തുന്നവയാണ്. സ്നേഹിക്കുന്നവരെ സ്നേഹിക്കും; ഉപദ്രവിക്കുന്നവരെ ഉപദ്രവിക്കും; ആനകളുടെ ശീലം അങ്ങനെയാണ്.

ധനികനായ ഒരു നമ്പൂതിരിക്ക് ഒരു കൊമ്പനാന ഉണ്ടായിരുന്നു. വലിയ കൊമ്പനാന! തുമ്പിക്കൈ നിലത്തു മുട്ടിക്കിടക്കും. അവൻെറ നീണ്ടുവളഞ്ഞ കൊമ്പിന് എന്തു ഭംഗിയായിരുന്നു! മസ്തകം പൊക്കി, തുമ്പിക്കൈ ആട്ടിക്കൊണ്ട്, അകലെ നിന്നു ആ ആന വരുന്നതുതന്നെ ആളുകൾക്ക് ഒരു കാഴ്ചയായിരുന്നു.

ആ ആനയെ കുളിപ്പിക്കാൻ അടുത്തു തന്നെയുള്ള ഒരു ആററിലേയ്ക്കാണു് പതിവാ യിട്ടു കൊണ്ടുപോയിരുന്നതു്. പുഴയിലേയ്ക്കുള്ള ആ വഴിയുടെ വക്കത്തു ഒരു തയ്യൽക്കാരൻെറ കടയുണ്ടായിരുന്നു. ആ ആനയെ വലിയ സ്നേഹമായിരുന്നു, തയ്യൽക്കാരന്നു്. ആനയ്ക്കു്, അതിലെ പോകുമ്പോൾ, അയാൾ എന്തെ ങ്കിലും തിന്നാൻ കൊടുക്കാറുണ്ടു്. ചില പ്പോൾ പഴം, ചിലപ്പോൾ ഒരു കരിമ്പിൻെറ കഷണം, ചിലപ്പോൾ മററു വല്ലതും. ആന ആ കടയുടെ മുൻപിൽ ചെന്നാൽ അവിടെ നില്ക്കും. അതു തുമ്പിക്കൈ നീട്ടി വാങ്ങും. എന്നിട്ടേ മുൻപോട്ടു നീങ്ങുകയുള്ളു.

ഒരു ദിവസം ആ തയ്യൽക്കാരന്നു് ഒരു നേരമ്പോക്കു കാണിക്കുവാൻ തോന്നി. അന്നു കൊടുക്കുവാൻ പഴവും കരിമ്പും ഒന്നും ഉണ്ടാ യിരുന്നുമില്ല. ആന പതിവുപോലെ ആ വഴിക്കു വന്നു; കടയുടെ മുൻപിൽ നിന്നു; തുമ്പിക്കൈ നീട്ടി. 'നിനക്കെന്നും പഴം തരാൻ ഞാൻ ആരാ' എന്നു ചോദിച്ചുകൊണ്ടു തയ്യൽക്കാരൻ കയ്യിലിരുന്ന സൂചികൊണ്ടു തുമ്പിക്കൈയിൽ ഒരു കുത്തു കുത്തി; ആനയ്ക്കു വേദനിച്ചു. എങ്കിലും തുമ്പിക്കൈ പെട്ടെന്നു

വലിച്ചതേയുള്ളു. അയാളെ ഉപദ്രവിച്ചില്ല. ,തിവായി കരിമ്പും മററും കൊടുക്കുന്ന ചങ്ങാതിയല്ലേ ?

ആനക്കാരൻ അപ്പോൾതന്നെ പറഞ്ഞു: "തൻെറ ഭാഗ്യം! മററാരാളെയാണെങ്കിൽ, ഇവൻ കൊമ്പിൽ കോക്കുമായിരുന്നു. ഏതായാലും സൂക്ഷിച്ചിരുന്നുകൊള്ളൂ. ആന മറക്കില്ല." തയ്യൽക്കാരൻ അത്ര സാരമാക്കിയില്ല.



കളി കഴിഞ്ഞിട്ട് ആന ആ വഴിക്കു തന്നെയാണു പോകുന്നത്. അന്ന് അവൻ കടയുടെ മുൻപിൽ വന്നപ്പോൾ തയ്യൽക്കാരൻ വിലപിടിച്ച പട്ടുകുപ്പായം തുന്നിക്കൊണ്ടിരിക്കയാണ്. വിലയേറിയ പട്ടുതുണികൾ അവിടെ നിരത്തിയിട്ടിരുന്നു. ആന തുമ്പിക്കൈ നിറയെ കരുതിക്കൊണ്ടു വന്നിരുന്ന വെള്ളം തയ്യൽക്കാരൻെറ മേലും ആ തുണികളിലും ചൊരിഞ്ഞു. 'അയ്യോ മോനേ, ചതിച്ചല്ലോ' എന്നു പറഞ്ഞു തയ്യൽക്കാരൻ എഴുന്നേററു. കണ്ടുനിന്ന ആളുകൾ ചിരിച്ചുകൊണ്ടു പറഞ്ഞു: 'തൻെറ നേരമ്പോക്കിന് ആനയുടെ നേരമ്പോക്ക്; ആനയോടു കളിക്കരുത്.'

പിന്നെ ഒരിക്കലും ആന തയ്യൽക്കാരൻെറ കടയുടെ മുൻപിൽ ചെന്നാൽ നില്ക്കാറില്ല.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

ത — ൽക്കാരൻ. കരിമ്പി — ക — ണം. ഒരു ദിവ — . നേര — ക്ക്.

2. —— ഒരു കാട്ടു മൃഗം.

[ആന, പശു—ഇവയിൽ ഏതു വാക്കാണ് ചേർക്കേണ്ടത് ?]

3. (i) തയ്യൽക്കാരൻ എന്തു നേരമ്പോക്കാണു കാണിച്ചത് ?

(ii) ആന പകരം എന്തു ചെയ്തു ?

(iii) ആനയെ എന്തിനാണ് പുഴയിലേയ്ക്കു കൊണ്ടുപോയിരുന്നത് ?

4. (i) ആനയെ കൊണ്ടുനടക്കുന്ന ആൾ = [ഒററവാക്ക് എഴുതുക]

(ii) ഒരു — രണ്ട് — [ആനക്കാരൻ, ആനക്കാർ ഈ വാക്കുകൾ ചേർക്കുക.]

പാഠം ൯

സുഖമല്ലേ ?



കാടു കുലുക്കി നടന്നു വരുന്നു
കരിമലപോലൊരു കൊമ്പൻ,
മുൻപേ ചെന്നാൽ ചെമ്പുലിയേയും
കൊമ്പിൽ കോർക്കും വമ്പൻ.
കാട്ടാറിൽപോയ് നീരാട്ടു കഴി-
ഞ്ഞെഴുന്നള്ളുകയല്ലല്ലി ?
ഈറ്റത്തളിരും പച്ചത്തണലും-
കാട്ടിൽ സുഖമല്ലല്ലി ?

ഓലപ്പീപ്പി] —ജി

അഭ്യാസം:—

1. ഉത്തരം പറയുക:—

ആരാണു കാട്ടു കുലുക്കി നടന്നു വരുന്നതു്?

ചെമ്പുലി എതിർത്തുവന്നാൽ കാട്ടുകൊമ്പൻ എന്തു ചെയ്യും?

കാട്ടാനയ്ക്കു് എവിടെ കുളിക്കാം? എവിടെ ഉറങ്ങാം? എന്തു തിന്നു രസിക്കാം?

2. കാട്ടിലെ ആറു് =

കാട്ടിലെ ആന =

[പകരം ഒററവാക്കു് എഴുതുക — കാട്ടാറു്, കാട്ടാന ഈ വാക്കുകൾ ഓർമ്മയില്ലേ?]

അല്ലല്ലീ = അല്ലേ? നീരാട്ടു് = കുളി.

3. അക്ഷരത്തെററു കൂടാതെ വടിവായി ഈ പദ്യം പകർത്തിയെഴുതുക.

പാഠം ൧൦

കന്യാകുമാരി

തിരുവനന്തപുരത്തുനിന്നു തെക്കോട്ട് മനോഹരമായ ഒരു പാത പോകുന്നുണ്ട്. അതു കന്യാകുമാരിയിലേയ്ക്കാണ്. മഹാക്ഷേത്രമായ ശുചീന്ദ്രം ആ വഴിയുടെ അരികിലാകുന്നു. സുഖവാസസ്ഥലമായ നാഗർകോവിലിൽക്കൂടിയാണ് ആ പാത പോകുന്നതു്. തിരുവനന്തപുരത്തുനിന്നു പുറപ്പെടുന്ന ബസ്സിൽ കയറി കന്യാകുമാരിയിൽ സുഖമായി എത്താം.



കടലിലേയ്ക്ക് ഉന്തിനില്ക്കുന്ന ഒരു മുനമ്പാണ് കന്യാകുമാരി. അതിൻെറ കിഴക്കും തെക്കും പടിഞ്ഞാറും കടലാകുന്നു. കന്യാകുമാരിയിൽ ഹിന്ദുക്കളുടെ ഒരു പുണ്യക്ഷേത്രമുണ്ടു്; ക്രിസ്ത്യാനികളുടെ ഒരു പുണ്യദേവാലയവും ഉണ്ടു്; ഈയിടെ ഗാന്ധിജിയുടെ ഓർമ്മയ്ക്കായി ഒരു മന്ദിരവും പണി കഴിപ്പിച്ചിരിക്കുന്നു. എത്ര തീർത്ഥയാത്രക്കാരും ഭക്തന്മാരും ആണ് കന്യാകുമാരിയിൽ ആണ്ടു തോറും വന്നുപോകുന്നതു്! നാടു ചുററിക്കാണാൻ സഞ്ചരിക്കുന്ന അനേകം ആളുകളേയും ആ സ്ഥലം ആകർഷിക്കുന്നു.

കന്യാകുമാരിയിലെ ഉദയവും അസ്തമയവും കാണേണ്ട കാഴ്ചതന്നെയാണ്. പ്രഭാതത്തിൽ കടലിൻെറ അടിയിൽനിന്ന് സൂര്യൻ പൊങ്ങിവരികയാണെന്നു തോന്നും; സന്ധ്യയ്ക്ക് അതു കടലിൽ മുങ്ങിത്താണു പോകുന്നതു പോലെയാണു തോന്നുക. പ്രഭാതത്തിലും സന്ധ്യയ്ക്കും സൂര്യൻെറ രശ്മികളേററ് ആകാശത്തിലെ മേഘങ്ങൾ തിളക്കുന്നതുപോലെ തോന്നിപ്പോകും. വെളുത്തവാവിൻനാൾ സന്ധ്യയ്ക്കു കന്യാകുമാരിയിൽ എത്തണം;

എന്നാൽ പടിഞ്ഞാറേക്കടലിൽ സൂര്യൻ താഴുന്നതും കിഴക്കേക്കടലിൽനിന്നു ചന്ദ്രൻ പൊങ്ങുന്നതും ഒരേസമയത്തു കണ്ടു രസിക്കാം. കന്യാകുമാരിയിലെ കടൽക്കാററ് ആരോഗ്യവും ഉന്മേഷവും ഉളവാക്കുന്നു.

അവിടത്തെ കടൽത്തീരം കൗതുകം തോന്നിക്കുന്നതാണ്. സഞ്ചാരികൾ അവിടെ നിന്നും പല തരത്തിലും നിറത്തിലുമുള്ള മണ്ണ് കൊണ്ടുപോകാറുണ്ട്. പല ആകൃതിയിലും വലിപ്പത്തിലുമുള്ള കക്കകളും ചിപ്പികളും ശംഖുകളും അവിടെയുണ്ട്. അവ ശേഖരിച്ച് നാട്ടുകാർ നാടുകാണാൻ ചെല്ലുന്നവർക്കു വില്ക്കുന്നു. ചെറിയ ശംഖുകൾ കോർത്തുണ്ടാക്കുന്ന മാല ഒരു കൗതുകവസ്തുവായി പലരും കന്യാകുമാരിയിൽനിന്ന് വാങ്ങാറുണ്ട്.

ഇൻഡ്യയുടെ തെക്കേ അററത്തെ മുനമ്പാണ്, കന്യാകുമാരി. അകലെ നിന്നും ചെല്ലുന്ന യാത്രക്കാർക്കു വിശ്രമിക്കാനും താമസിക്കാനും ഇപ്പോൾ അവിടെ നല്ല സത്രവും ഹോട്ടലുകളുമുണ്ട്.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

ക — കുമാരി. ആരോ — വും, ഉ — ഷവും.

സൂര്യോ — യം. സൂര്യാ — മയം.

2. ആളുകളെ ആ — ആകർഷിക്കുന്നു.

[എന്തു് ആകർഷിക്കുന്നു? എഴുതുക]

3. (i) സൂര്യൻ കിഴക്കു് ——

സൂര്യൻ പടിഞ്ഞാറു് ——

[അസ്തമിക്കുന്നു, ഉദിക്കുന്നു ഈ വാക്കുകൾ വേണ്ട സ്ഥലത്തു ചേർക്കുക]

(ii) സൂര്യൻ =

കടൽ =

[ഈ രണ്ടു വാക്കുകളുടെ നേരെ പകരം പറയാവുന്ന ഓരോ വാക്കു ഈ പാഠത്തിൽ നിന്നെടുത്തെഴുതുക]

പാഠം ൧൬

ധ്രുവൻ

അച്ഛന്റെ മടിയിൽ കയറിയിരിക്കാൻ ആഗ്രഹിക്കാത്ത കുട്ടികളില്ല. അവർക്കും അച്ഛനും അതു് ഒരു പരമാനന്ദമാണ്. മിക്ക കുട്ടികൾക്കും ആ മോഹം സാദ്ധ്യമാകാറുണ്ടു്. പണ്ടു് ഒരു രാജകുമാരന് അതു് സാദ്ധ്യമായില്ല. ആ ആഗ്രഹം നിമിത്തം ആ കുമാരനു വളരെ വ്യസനിക്കേണ്ടിവന്നു. പിന്നീടു് അതുകൊണ്ടു വളരെ ഗുണവും കിട്ടി.

ആ ബാലകന്റെ കഥ കേൾക്കണ്ടേ? 'ഉത്താനപാദൻ' എന്നൊരു രാജാവു്. അദ്ദേഹത്തിന് 'സുനീതി' എന്നൊരു രാജ്ഞി. ആ രാജ്ഞി രാജാവിന്റെ ഒന്നാമത്തെ പത്നി ആയിരുന്നു. രണ്ടാമത്തെ ഭാര്യയായ സുരുചിയോടായിരുന്നു രാജാവിന് അധികം സ്നേഹം. സുരുചി അതിസുന്ദരിയായിരുന്നു. അവൾ പറയുന്നതിനൊന്നും രാജാവു് എതിരു പറഞ്ഞിരുന്നില്ല. പ്രിയതമ മുഷിഞ്ഞാലോ! രാജാവിന് അതായിരുന്നു ഭയം.

ഉത്താനപാദന് രണ്ടു ഭാര്യമാരിലും ഓരോ പുത്രൻ ഉണ്ടായി. സുനീതിയുടെ മകൻ ധ്രുവൻ. സുരുചിയുടെ മകൻ ഉത്തമൻ. രണ്ടു കുട്ടികൾക്കും നിങ്ങളുടെ പ്രായമേ ഉള്ളു— അഞ്ചാറു വയസ്സ്. മക്കളെ തൻെറ കണ്ണുകളെ പ്പോലെയാണ്, രാജാവു സ്നേഹിച്ചുപോന്നത്. എങ്കിലും ധ്രുവനെ എടുക്കാനും ലാളിക്കാനും ഉത്തമൻെറ അമ്മ സമ്മതിച്ചിരുന്നില്ല. അവൾക്ക് ഹിതമല്ലാത്തതു ചെയ്യാൻ രാജാവിന്ന ശക്തിയും ഇല്ലായിരുന്നു.

ഒരു ദിവസം ധ്രുവൻ തക്കംകണ്ടു് ഓടി ച്ചെന്നു് അച്ഛൻെറ മടിയിൽ കയറിയിരുന്നു. അവനു് എത്ര അഭിമാനവും ആഹ്ലാദവും തോന്നിയിരിക്കണം! അപ്പോഴേയ്ക്കും എത്തി, ചെറിയമ്മ. അവൾ ധ്രുവനെ പിടിച്ചു വലിച്ചു താഴത്തിട്ടു; ശകാരിച്ചു; അടിക്കാൻ ഓങ്ങി. അടിച്ചില്ലെന്നു മാത്രം.

ആ ചെറിയ കുട്ടി കരഞ്ഞുംകൊണ്ടു് അമ്മയുടെ അടുക്കൽ ചെന്നു. അമ്മ എന്തു ചെയ്യും? ആ രാജ്ഞി വിചാരിച്ചാൽ ഒന്നും നടക്കുകയില്ല. മകൻെറ കണ്ണുനീർ തുടച്ചു കൊണ്ടു് സുനീതി പറഞ്ഞു: 'ഉണ്ണി ഈശ്വ

രനെ ഭജിക്കൂ. ഈശ്വരന് എല്ലാ ഉണ്ണികളും ഒന്നുപോലെയാണ്. എല്ലാ ഉണ്ണികളോടും സ്നേഹമാണ്.'

അവരുടെ ഈശ്വരൻ മഹാവിഷ്ണു ആയിരുന്നു. ധ്രുവൻ തപസ്സു ചെയ്തു വിഷ്ണുവിനെ പ്രസാദിപ്പിക്കാൻ കാട്ടിലേയ്ക്കു പോയി. വഴിയ്ക്കുവച്ച് ഒരു മഹർഷി കണ്ടു. ഈശ്വരഭജനം ചെയ്യേണ്ടതു് എങ്ങനെയാണെന്ന് അദ്ദേഹം ഉപദേശിച്ചു. ധ്രുവൻ അപ്രകാരം ഭജിച്ചുതുടങ്ങി. ആറു മാസമേ കഴിഞ്ഞുള്ളൂ. വിഷ്ണു പ്രസാദിച്ചു, പ്രത്യക്ഷമായി അച്ഛന്റെ മടിയിലെന്നല്ല, ലോകത്തിലെ ഏററവും ഉയർന്ന സ്ഥാനത്തു തന്നെ ഇരിക്കാമെന്ന് അനുഗ്രഹിച്ച് അയയ്ക്കുകയും ചെയ്തു.

കാട്ടിൽനിന്നു തിരിച്ചുവരുന്ന ധ്രുവനെ എതിരേല്ക്കാൻ സുരുചി തന്നെയാണ് മുൻപേ പുറപ്പെട്ടതു്. ഉത്താനപാദനും സുനീതിക്കും അതുകൊണ്ടു വലിയ സന്തോഷം തോന്നി. ഉത്തമൻ ധ്രുവനെ ഓടിച്ചെന്നു കെട്ടിപ്പിടിച്ചു. ധ്രുവൻ അമ്മമാരേയും അച്ഛനേയും വന്ദിച്ചു. സുരുചി ചോദിച്ചു: 'മകനേ! ചെറിയമ്മയ്ക്കു

മാപ്പുതരില്ലേ?' സുനീതി പറഞ്ഞു: 'ധ്രുവന്ന് ഞാനും സുരുചിയും ഒരുപോലെയാണല്ലോ.' ധ്രുവൻ അമ്മയുടേയും ചെറിയമ്മയുടേയും കൈവിരലിൽ പിടിച്ചുകൊണ്ട് ഇങ്ങനെ യാണു പറഞ്ഞത്: 'അമ്മയും അമ്മയും നിമിത്തമാണല്ലോ എനിക്കു ഭജിക്കാൻ തോന്നി യത്'. ഉത്താനപാദനും രാജ്ഞിമാരും മകൻെറ കവിളിൽ ചുംബിച്ചു.

ആകാശത്തിൻെറ വടക്കു ഭാഗത്ത് എന്നും ഉദിച്ചുകാണുന്ന ഒരു നക്ഷത്രം ഉണ്ട്. ആ നക്ഷത്രമായിത്തീൎന്നു ധ്രുവൻ ആണത്രേ. ധ്രുവനക്ഷത്രത്തെക്കാണുമ്പോൾ, ആ നല്ല കുട്ടിയെ നമ്മുടെ നാട്ടുകാർ ഓൎമ്മിക്കുന്നു.

അഭ്യാസം:—

1. വരയിട്ടിടത്ത് ഏതു വാക്ക് എഴുതണം?

സുരുചി ധ്രുവൻെറ ——— ആകുന്നു.

സുനീതി ——— അമ്മ ആകുന്നു.

[ചെറിയമ്മ, ധ്രുവൻെറ — ഇവയിൽ നിന്നു വേണ്ട വാക്ക് എഴുതുക.]

2. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) ഉത്താനപാ — നും ൊാ — മാരും മകൻെറ കവിളിൽ ചും — ച്ചു.

(ii) അവരുടെ ഈ — രൻ മഹാവി — ആയിരുന്നു.

(iii) ഒരു മഹ — കണ്ടു.

3. സുനീതി ഒരു — ആകുന്നു.

സുനീതിയും സുരുചിയും —— ആകുന്നു.

[രാജ്ഞി, രാജ്ഞിമാർ ഈ വാക്കുകൾ വേണ്ട ദിക്കിൽ ചേർക്കുക.]

4. ധ്രുവനക്ഷത്രം ആകാശത്തിൻെറ ഏതു ഭാഗത്താണു ? ആ നക്ഷത്രത്തെ കാണുമ്പോൾ നാം ആരെ ഓർമ്മിക്കുന്നു ?

പാഠം ൧൨

ഉണ്ണിക്കൃഷ്ണൻ

അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ,
ഉണ്ണിക്കൊരുണ്ണിക്കുഴലുമുണ്ടങ്ങനെ.
ഉണ്ണിക്കു പേരുണ്ണിക്കൃഷ്ണനെന്നങ്ങനെ,
ഉണ്ണിവയറാറ്റു ചോറുമുണ്ടങ്ങനെ,

ഉണ്ണിക്കൈക്ക രണ്ടിലും വെണ്ണയുണ്ടങ്ങനെ,
ഉണ്ണിക്കാൽകൊണ്ടൊരു നൃത്തമുണ്ടങ്ങനെ.
ഉണ്ണിവളകൾ ചിലമ്പുമുണ്ടങ്ങനെ,
ഉണ്ണിയരയിലെക്കിങ്ങിണിയങ്ങനെ.
ചങ്ങാതിയായിട്ടാരേട്ടനുണ്ടങ്ങനെ,
ചങ്ങാതിമാരായ പിള്ളരുണ്ടങ്ങനെ.

—പൂന്താനം.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

   (i) ഉണ്ണിക്കു പേരുണ്ണി — — നെന്നങ്ങനെ.

   (ii) ഉ — ക്കാൽ കൊണ്ടൊരു — — മുണ്ട ങ്ങനെ.

2. (i) എവിടെയാണു് ഉണ്ണിയുണ്ടായിരുന്നതു് ?

   (ii) ഉണ്ണിയുടെ പേരു് എന്തായിരുന്നു ?

   (iii) ഉണ്ണി എന്തെല്ലാമാണു് അണിഞ്ഞിരുന്നതു് ?

   (iv) ആരുടെ കൈയിലാണു വെണ്ണ ?

   (v) ഉണ്ണിക്കു കൊച്ചോടക്കുഴൽ എന്തിനാണു്?

   (vi) ആരാണു് ഉണ്ണിയുടെ ചങ്ങാതികൾ ?

3. ഉണ്ണി = കുഞ്ഞ്. ഓമനക്കുട്ടി.

ഉണ്ണിക്കാൽ = കുഞ്ഞിക്കാൽ.

ഉണ്ണിക്കുഴൽ = കുഞ്ഞിക്കുഴൽ.

[ഉണ്ണി എന്ന വാക്കിന്റെ അർത്ഥഭേദം പഠിക്കണം]

ഉണ്ണിക്ക് ഒരു ഉണ്ണിക്കുഴൽ ഉണ്ട്.

ഓമനക്കുഞ്ഞിന്, കൊച്ചു് ഓടക്കുഴൽ — ഈ വാക്കുകൾ വരയിട്ടിട്ടുള്ള വാക്കുകൾക്കു പകരം എഴുതുക.

പാഠം ൧൩

വിദ്യയും വിദ്യ

[അഴകൻ വരുന്നു; മുത്തു എഴുന്നേററു ചെല്ലുന്നു.]

മുത്തു:—എത്ര നാളായി നിങ്ങൾ പോയിട്ടു് ! ഇനി തിരിച്ചു വരികയില്ലെന്നു് എല്ലാവരും പറഞ്ഞു. ഞാൻ എത്ര ദുഃഖിച്ചെന്നോ !

അഴകൻ:—ഞാൻ ഇവിടന്നു പുറപ്പെട്ടു് പല നാടുകളിലും പോയി. കച്ചവടത്തിനു നല്ല സൗകര്യം ഉണ്ടായിരുന്നു.

മുത്തു:—അപ്പോൾ, നല്ല ലാഭം കിട്ടിയിരിക്കും, ഇല്ലേ ?

അഴകൻ:—ഓ ! കുറച്ചൊക്കെ കിട്ടി. വളരെ ചെലവും വന്നു.

മുത്തു:—അതെങ്ങനെ ?

അഴകൻ:—യാത്രയല്ലേ ? പലതിനും പണം ചെലവാകും. കുറച്ചൊക്കെ നഷ്ടവും പററി.

മുത്തു:—കഷ്ടം! അപ്പോൾ തല്ക്കാലം കൈയിൽ അധികം പണം ഇല്ല എന്നാണോ പറയു

ന്നതു് ? എന്നാൽ കാര്യം കുഴപ്പമാകു മല്ലോ.

അഴകൻ:—കുറെ സ്ഥലങ്ങൾ കാണാൻ സാധിച്ചു. അതു മിച്ചമല്ലേ? എല്ലാ യാത്ര യിലും പണം ഉണ്ടാക്കാൻ പററുമോ? ആട്ടെ, ഞാൻ സൂക്ഷിക്കാൻതന്ന സ്വർണ്ണ ക്കട്ടി ഇവിടെ ഇരിപ്പുണ്ടല്ലോ; ഇല്ലേ?

മുത്തു:—അതാണല്ലോ കുഴപ്പം എന്നു ഞാൻ പറഞ്ഞതു്.

അഴകൻ:—(അല്പം സംഭ്രമത്തോടെ) എന്താ? അതിനു വല്ല തകരാറും പററിയോ?

മുത്തു:—പററിയതു് ഒന്നും പറയേണ്ട! ഞാൻ വിഷമിച്ചിരിക്കയാണു്. എന്താണു പറ യേണ്ടതെന്നു് അറിഞ്ഞുകൂടാ. ആ സ്വർണ്ണം വച്ചിരുന്ന മുറി ഞാൻ വളരെ നാൾ തുറന്നില്ല. ഒടുവിൽ ഒരു ദിവസം ഞാൻ ചെന്നുനോക്കി. സ്വർണ്ണം മുഴവനും എലി തിന്നുകളഞ്ഞു.

അഴകൻ:—കഷ്ടം!(ആലോചിച്ചിട്ട്) പോകട്ടെ, എന്തു ചെയ്യാം? വിധിയാണു്. നിങ്ങൾ ക്കെല്ലാം സുഖം തന്നെയല്ലേ? ഞാൻ പിന്നെ വരാം.

[അടുത്ത ദിവസം. അഴകൻെറ വീട്ട്. മുത്തു വരുന്നു.]

അഴകൻ:—വരു, വരു. സുഖം തന്നെയോ ?

മുത്തു:—സുഖമോ ? എൻെറ പയ്യനെ നിങ്ങൾ ഇന്നലെ വിളിച്ചുകൊണ്ടു പോയല്ലോ. അവൻ എവിടെ ?

അഴകൻ:—ശരി, ശരി. ഞാൻ അവനെ വഴിക്കുവെച്ചു കണ്ടു. അവൻ എന്നോടൊന്നിച്ചു കുറച്ചിട പോന്നു.

മുത്തു:—എന്നിട്ട് ?

അഴകൻ:—കഷ്ടം! ഞാൻ നോക്കിക്കൊണ്ടു നില്ക്കുന്നു; ഒരു തടിയൻ പരുന്തു വന്ന് അവനെ റാഞ്ചിക്കൊണ്ടു പോയി.

മുത്തു:—പച്ചക്കള്ളം പറയുകയാണ്. കുട്ടിയെ പരുന്തു റാഞ്ചുകയോ ? ഇത് ആരു വിശ്വസിക്കും ? എൻെറ കുട്ടിയെ വിട്ടു തരണം.

അഴകൻ:—സ്നേഹിതാ, ഇത് ഒരു വിശേഷപ്പെട്ട നാടാണ്. ഞാൻ പോയ ദിക്കിലെങ്ങും ഇങ്ങനെ കണ്ടിട്ടില്ല. ഇവിടെ സ്വർണ്ണക്കട്ടി തിന്നുന്ന എലി ഉണ്ടു ; കുട്ടികളെ റാഞ്ചുന്ന പരുന്തുകളും.

മുത്തു:—(ചിരിച്ചുകൊണ്ട്) ഞാൻ കളി പറഞ്ഞതല്ലേ? സ്വർണ്ണക്കട്ടി സൂക്ഷിച്ചു വച്ചിട്ടുണ്ട്.

അഴകൻ:—എലി തിന്ന സ്വർണ്ണം വരുമ്പോൾ പരുന്തു റാഞ്ചിക്കൊണ്ടുപോയ പയ്യനും വരും; പോരേ?

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) എലി തിന്ന സ്വ — വരുമ്പോൾ പരു— റാ — ക്കൊണ്ടുപോയ പ — നും വരും.

(ii) ഇ — ആരു വി — സിക്കും?

(iii) നല്ല ലാ — കിട്ടിയിരിക്കും.

2. കളി പറഞ്ഞതല്ലേ? — സൂക്ഷിച്ചു വച്ചിട്ടുണ്ട്.

[എന്തു സൂക്ഷിച്ചു വച്ചിട്ടുണ്ട്? എഴുതുക.]

പാഠം ൧൪

പൂച്ച

മനുഷ്യരോട് വളരെ ഇണക്കമുള്ള ജന്തുവാണു പൂച്ച. പൂച്ചയെ വീട്ടിൽ വളൎത്തുന്നു. പശു, ആട്, പട്ടി മുതലായ ജന്തുക്കൾ വീട്ടിനു പുറത്താണു സഞ്ചരിക്കുന്നതു്. പൂച്ച വീട്ടിൽ എല്ലായിടത്തും പെരുമാറുന്നു.

എലിയുടെ ഉപദ്രവമുള്ള വീടുകളിൽ പൂച്ചയെക്കൊണ്ടു വളരെ ഉപകാരം ഉണ്ടു്. രാത്രിയിൽ ഭക്ഷണസാധനങ്ങളും മററും തട്ടിക്കൊണ്ടുപോകാൻ എലി വരും. അപ്പോൾ പൂച്ച അതിനെ പിടിച്ചു തിന്നും.

പൂച്ചയ്ക്ക് ഇരുട്ടത്തു നല്ലവണ്ണം കാണാൻ കഴിയും. പകൽ അതിൻെറ കണ്ണുകൾ ചെറുതായി തോന്നും. ഇരുട്ടത്ത് അവ നല്ലവണ്ണം തിളങ്ങും.

പൂച്ചയെ നോവിക്കാതെ പിടിച്ച് അതിൻെറ ഉള്ളങ്കാൽ നോക്കു; പഞ്ഞി പോലെ മൃദുവാണ്. അതിനാൽ പൂച്ച നടക്കുമ്പോൾ തീരെ ശബ്ദം ഉണ്ടാകുന്നില്ല. അതിൻെറ കാലിൽ നഖം ഇല്ലെന്നുതോന്നും; എങ്കിലും ഉപദ്രവിച്ചാൽ വിരലുകളുടെ അററത്തുനിന്നും കൂർത്ത നഖങ്ങൾ പൊന്തിവരും.

പൂച്ചയ്ക്ക് ഓരോ കാലിലും അയ്യഞ്ചു വിരലുകൾ ഉണ്ട്. കൂർത്ത നഖങ്ങൾകൊണ്ട് പൂച്ച എലിയേയും മററും പിടിക്കുന്നു; പല്ലുകൾകൊണ്ട് കടിച്ചു കീറുന്നു.

പൂച്ചക്കുട്ടികൾ കളിക്കുന്നതു കാണാൻ വളരെ രസം ഉണ്ട്. തള്ളപ്പൂച്ച വാൽ അനക്കി കുഞ്ഞുങ്ങളെ കളിപ്പിക്കും. കുഞ്ഞുങ്ങൾ അതു പിടിക്കാൻ ഓടിയും കുത്തിമറിഞ്ഞും വിളയാടും. ഇത്തരം കളികൊണ്ട്, പൂച്ചക്കുട്ടികളോടു നമുക്കു കൂടുതൽ ഇഷ്ടം തോന്നുന്നു.

നാം ഭക്ഷിക്കുന്ന എല്ലാ സാധനങ്ങളും പൂച്ച തിന്നും. എങ്കിലും അതിനു കൂടുതൽ

ഇഷ്ടം പാലും മാംസവും ആണ്. ചെറുകിളികളെയും അണ്ണാനെയും തരം കിട്ടിയാൽ അതു പിടിച്ചുതിന്നും.

പൂച്ച നമുക്ക് ഉപകാരം ചെയ്യുന്ന ജന്തുവാണ്. വീട്ടിന്ന ശല്യമായ എലി, പാററ മുതലായവയെ പൂച്ച നശിപ്പിക്കുന്നു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) മനു — രോട്ട് ഇണക്കമുള്ള — ന്തു വാണ് പൂച്ച.

(ii) നാം ഭ — ക്കുന്ന എല്ലാ സാ — ന ങ്ങളും പൂ — തിന്നും.

2. (i) പൂച്ച —— യെ തിന്നും.
[എന്തിനെ തിന്നും? എഴുതുക.]

(ii) പൂച്ച നമുക്ക് — ചെയ്യുന്ന ജന്തുവാണ്.

[വരയിട്ടിരിക്കുന്ന സ്ഥലത്ത് ഏതു വാക്കു ചേർക്കണം? 'ഉപകാരം' എന്നോ 'അപകാരം' എന്നോ?]

ഉപകാരം × അപകാരം.

പാഠം ൨൰

കിളിമകൾ

വരികരികിരി
കിളിമകളേ, നീ
വരിനെല്ലിന്നവി-
ലരിവറുത്തെള്ളും
നവനാളികേര-
സലിലവും പാലും
നവനീതമൊട്ട
തരുവൻ വൈകാതെ.

—എഴുത്തച്ഛൻ.

അഭ്യാസം:—

(i) വരിക + അരികെ + ഇരി. (ഒന്നാമത്തെ വരി)

(ii) എഴുത്തച്ഛൻ എന്തിനെയാണ്, വിളിക്കുന്നത് ? കിളിക്കുഞ്ഞിനു കൊടുക്കാൻ എന്തൊക്കെയാണ് ഒരുക്കിവച്ചിട്ടുള്ളത് ?

(iii) എവിടെ ഇരിക്കാൻ പറയുന്നു?
[ഇരി = ഇരിക്കു]

(iv) നെല്ലിൻ + അവിൽ = നെല്ലിന്നവിൽ.
വറുത്ത + എള്ള് = വറുത്തെള്ള്.

(v) തരുവെൻ = ഞാൻ തരാം.

പറയുവെൻ, പാടുവെൻ, വരുവെൻ ഈ മൂന്നു വാക്കിന്റെ അർത്ഥം പറയുക; എന്നിട്ട് എഴുതുക.
[ഞാൻ പറയാം. ഞാൻ പാടാം. ഞാൻ വരാം.]

'നറുംവെണ്ണ' എന്നതിനു പകരം പറയാവുന്ന ഒരു വാക്ക്—നവനീതം.

[എഴുത്തച്ഛൻ കവിത പാടാനും കഥ പറയാനും കിളിമകളെ വിളിക്കുക പതിവാണ്. ആ കഥകളും കവിതകളും നിങ്ങൾക്കു പിന്നെ പഠിക്കാം. രസികൻ കഥകളാണ്.]

പാഠം മൂന്നു

ജീവികളോടു ദയ

പണ്ടു പണ്ടു്, നടന്ന ഒരു കഥയാണു്— ഒരു രാജകുമാരന്റെ കഥ. ആ കുമാരന്റെ പേരു്, സിദ്ധാർത്ഥൻ എന്നായിരുന്നു. കപിലവസ്തുവിലെ രാജധാനിയിൽ ആ കുട്ടി ഒരു കൊച്ചുമിടുക്കനായി വളർന്നുവന്നു.

കപിലവസ്തു എന്ന സ്ഥലം എവിടെയാണു്? നിങ്ങൾക്കു് അറിഞ്ഞുകൂടാ. ഇന്ത്യയുടെ വടക്കു് ഹിമവാൻ എന്നൊരു വലിയ മല ഉണ്ടു്. ആ പർവ്വതത്തിന്റെ തടത്തിൽ ആയിരുന്നു, കപിലവസ്തു എന്ന നഗരം. സിദ്ധാർത്ഥന്റെ അച്ഛന്റെ രാജധാനി അവിടെ ആയിരുന്നു.

ഒരു ദിവസം സിദ്ധാർത്ഥൻ പൂന്തോട്ടത്തിൽ ഇരിക്കയായിരുന്നു. അപ്പോൾ കുറെ അരയന്നങ്ങൾ മുകളിൽക്കൂടി പറന്നു പോവുന്നതു കുമാരൻ കണ്ടു. വരിവരിയായി പോകുന്ന ആ പക്ഷികൾക്കു് എന്തു ഭംഗി! സിദ്ധാർത്ഥൻ കണ്ണെടുക്കാതെ നോക്കിക്കൊണ്ടുനിന്നു.

പെട്ടെന്ന് ആ കൂട്ടത്തിൽനിന്ന് ഒന്നു താഴോട്ടു വീണു. നിലത്തു കിടന്ന് അതു ചിറകിട്ടടിച്ചു; വല്ലാതെ പിടച്ചു.

സിദ്ധാർത്ഥൻ ഓടിച്ചെന്നു; അതിനെ എടുത്തു. അതിൻെറ കാലിൽ ഒരു അമ്പു തറച്ചിരുന്നു. കുമാരൻ ആ ക്രൂരമ്പ് പതുക്കെ വലിച്ചെടുത്തു. എന്നിട്ട് ഒരു തളിർ അറുത്ത് അതിൽ പൂന്തേൻ പുരട്ടി; ആ മുറിവിൽ പതിച്ചുവച്ചു.

സിദ്ധാർത്ഥൻ ആലോചിച്ചു: ഈ അമ്പു തറച്ചതുകൊണ്ട് ഈ പക്ഷിക്ക് എത്ര വേദനിച്ചിരിക്കും! ആ അമ്പിൻെറ മുന തൻെറ കൈത്തണ്ടിൽ കുമാരൻ കുത്തി നോക്കി. "ഹൗ! എന്തൊരു വേദന. ഈ അരയന്നത്തിന് എത്ര നൊന്തിരിക്കും," എന്ന് അദ്ദേഹം തന്നത്താൻ പറഞ്ഞു. സിദ്ധാർത്ഥനു ദയ തോന്നി. അദ്ദേഹം പക്ഷിയുടെ മുറിവിൽ ഊതിക്കൊണ്ട് അതിനെ ആശ്വസിപ്പിച്ചു.

ആ പറവയെ അമ്പെയ്തു വീഴ്ത്തിയത് അപ്പുറത്തുനിന്നു കളിച്ചിരുന്ന മററൊരു രാജകുമാരൻ ആയിരുന്നു—ദേവദത്തൻ. താനെയ്തു വീഴ്ത്തിയ പക്ഷിയെ തനിക്കു താനാമെന്ന്

ദേവദത്തൻ ആവശ്യപ്പെട്ടു. തരില്ലെന്ന് സിദ്ധാത്ഥൻ തുറന്നു പറഞ്ഞു രണ്ടുപേരും തമ്മിൽ വാദമായി.

ആ വിവരം രാജാവ് അറിഞ്ഞു. അദ്ദേഹം രണ്ടു കുമാരന്മാരെയും വിളിച്ചു വരുത്തി. സിദ്ധാത്ഥൻ നടന്നതെല്ലാം വിസ്തരിച്ചു പറഞ്ഞു. രാജാവു കല്പിച്ചു: "ഒരു കുട്ടി എറിഞ്ഞു വീഴ്ത്തിയ മാമ്പഴം വേറൊരു കുട്ടി

എടുക്കരുതു്. പക്ഷേ, അരയന്നത്തിൻെറ കാര്യം അങ്ങനെയല്ല. അതിനു ജീവനുണ്ടു്. ജീവനെ രക്ഷിച്ച ആൾക്കോ, നശിപ്പിക്കാൻ ശ്രമിച്ച ആൾക്കോ അതിൻെറ അവകാശം? ദേവദത്തൻ തന്നെ പറയട്ടെ. ദേവദത്തൻ ബുദ്ധിയുള്ള കൊച്ചു മിടുക്കൻ ആണല്ലോ."

പക്ഷിയെ രക്ഷിച്ച ആൾക്കുതന്നെയാണു് അതിനെ കൊടുക്കേണ്ടതെന്നു്, ആ കുമാരനും സമ്മതിച്ചു.

ദയാലുവായ ആ സിദ്ധാർത്ഥനാണു്, പിന്നീടു് ലോകം മുഴുവൻ ആരാധിക്കുന്ന ബുദ്ധനായതു്. സ്നേഹവും ദയയും മനുഷ്യരെ വലിയവർ ആക്കുന്നു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) സി — — ൻ നടന്നതെല്ലാം വി — രിച്ചു പറഞ്ഞു.

(ii) പ് — യെ തനിക്കു തരണമെന്നു ദേവ — — ൻ ആവ — പ്പെട്ടു.

2. സിദ്ധാർത്ഥന്റെ അച്ഛൻ ഒരു —— ആകുന്നു.
സിദ്ധാർത്ഥന്റെ അമ്മ ഒരു —— ആകുന്നു.

[രാജാവ്, രാജ്ഞി ഈ വാക്കുകൾ ചേർച്ച നോക്കി ചേർക്കുക.]

3. (i) ആരാണ് അരയന്നത്തെ എയ്തു വീഴ്ത്തിയത്? ആരാണു രക്ഷിച്ചത്?

ആരു തമ്മിലായിരുന്നു വാദം?

രാജാവു ദേവദത്തനു് അരയന്നത്തെ കൊടുപ്പിച്ചുവോ? എന്തുകൊണ്ട്?

രാജാവു സിദ്ധാർത്ഥനു് അരയന്നത്തെ കൊടുത്തുവോ? എന്തുകൊണ്ട്?

(ii) ഓർമ്മിക്കുക:

ഒരു രാജകുമാരൻ. രണ്ടു രാജകുമാരന്മാർ.

പാഠം ൧൭

ആർക്കും നന്മ നേടാം

സയാം എന്നൊരു ചെറിയ രാജ്യം ഉണ്ടു്. അവിടെ ഒരു ഗ്രാമത്തിലാണു് ചിയാങ്ങ് പിറന്നതു്. അവൻ മുടന്തൻ ആയിരുന്നു. അവന്റെ അമ്മയ്ക്കും അച്ഛനും വളരെ വ്യസനം തോന്നി.

ഗൃഹത്തിലിരുന്നു് ബാല്യത്തിൽ ചിയാങ്ങ് എഴുതാനും വായിക്കാനും പഠിച്ചു. തനിയേ നടക്കാൻ അവന്നു കഴിവുണ്ടായിരു

ന്നില്ല. എന്നാലും നാടിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അവനു തോന്നി. എന്നാൽ ഒരു മുടന്തന് എന്താണു ചെയ്യുവാൻ കഴിയുന്നതു്?

അയൽക്കാരനായ ഒരു ബാലൻ അച്ഛനെ സഹായിക്കാൻ വയലിലേയ്ക്കു പോകുന്നതു് ചിയാങ്ങ് കാണാറുണ്ട്. ചിയാങ്ങിൻെറ അച്ഛനും കൃഷിക്കാരനായിരുന്നു. മുടന്തനായ അവൻ എങ്ങനെ പിതാവിനെ സഹായിക്കും? അവനു് അതു വിചാരിക്കുമ്പോൾ കണ്ണിൽ വെള്ളം നിറഞ്ഞിരുന്നു.

അയൽപക്കത്തെ വീട്ടിലെ ഒരു കുട്ടി പട്ടാളത്തിൽ ചേർന്നു. ശത്രുക്കൾ നാട്ട് ആക്രമിച്ചാൽ അവൻ നാടിനുവേണ്ടി പടവെട്ടും. ഒരു മുടന്തനെ ആരെങ്കിലും സൈന്യത്തിൽ ചേർക്കുമോ?

ഒരു ദിവസം ചിയാങ്ങ് നിരങ്ങി നിരങ്ങി പാതയിൽ എത്തി. അസംഖ്യം ആളുകൾ പോവുകയും വരുകയും ചെയ്യുന്ന ആ വഴിയുടെ വക്കിൽ തണൽമരങ്ങൾ ഇല്ലായിരുന്നു. അവൻ മടിയിൽ വച്ചിരുന്ന ചില കുരുക്കൾ പാതയുടെ രണ്ടു വക്കിലും കുഴിച്ചിട്ടു.

പിറേറദ്ദിവസം കുറേക്കൂടി കരുക്കൾ ചിയാങ്ങ് കൊണ്ടുപോയി. കുറെ ദൂരംക്കൂടി അവൻ പാതയിൽക്കൂടി നീങ്ങി. അന്ന് ആ കരുക്കൾ മുഴുവൻ അവൻ പാതയുടെ ഇരു വശങ്ങളിലും വരിവരിയായി പാകി.

പുതുമഴ പെയ്യുമ്പോൾ അതെല്ലാം മുളച്ചു. അഞ്ചാറു കൊല്ലംകൊണ്ട് മിക്കതും വളൎന്നു; കൊമ്പും ചില്ലയും തഴച്ചു; എല്ലാം തണൽമരങ്ങളായി. വേനൽക്കാലത്ത് ആ വഴിയിൽക്കൂടി സഞ്ചരിക്കുന്നവൎക്ക് ആ തണൽമരങ്ങൾ അനുഗ്രഹമായിത്തീൎന്നു. തണലത്തിരുന്നു ക്ഷീണം തീൎക്കുമ്പോഴും, തണലിൽക്കൂടി സഞ്ചരിക്കുമ്പോഴും, യാത്രക്കാർ ചിയാങ്ങിന്റെ നല്ല പ്രവൃത്തി ഓൎക്കാറുണ്ട്.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേൎക്കുക:—

(i) സ — രിക്കുന്നവൎക്ക് തണൽമരങ്ങൾ അനു — — മായിത്തീൎന്നു.

(ii) -- ഹത്തിലിരുന്ന് ബാ — ത്തിൽ ചിയാങ്ങ് എഴുതാനും വായിക്കാനും പ — ച്ചു.

2. യാത്രക്കാർ ചിയാങ്ങിന്റെ നല്ല — ഓക്കാറുണ്ട്? [എന്തു് ഓക്കാറുണ്ട്? എഴുതുക.]

3. യാത്രക്കാരൻ, യാത്രക്കാർ; അയൽക്കാരൻ, അയൽക്കാർ ഈ വാക്കുകൾ വേണ്ട ദിക്കിൽ ചേർക്കുക:—

(i) പാതവക്കിലെ തണലത്തു് ചില ——— ഇരിക്കുന്നു. അവരിൽ ഒരു — പറയുന്നു.

(ii) ചിയാങ്ങിനു് പല——— ഉണ്ടായിരുന്നു. അവരിൽ ഒരു ——— കൃഷിക്കാരനായിരുന്നു.

ഒരു കൃഷിക്കാരൻ	പല കൃഷിക്കാർ
ഒരു അയൽക്കാരൻ	പല അയൽക്കാർ
ഒരു വേലക്കാരൻ	പല ———?

പാഠം ൨൮

മാവ്

മീനമാസം, ഒഴിവുകാലം; അപ്പോൾ മാവുകളുടെ അരികെ ഉത്സാഹത്തോടെ കുട്ടികൾ കൂട്ടം കൂട്ടം. മാമ്പഴത്തിന്റെ കാലമാണ് അത്.

കാററു വരണം; മാമ്പഴം കൊഴിയണം. അവർ പാടിത്തകർക്കും· 'കാററേ വാ, മാമ്പഴം വീഴ്ത്താൻ കാററേ വാ' എന്നു ചിലർ.

'ഇക്കാററും കാററല്ല, ചെങ്കാററും കാററല്ല, തുറുവേലിക്കുന്നിലെ കാറോ വാ' എന്നു മററു ചിലർ. കുട്ടികൾ വിളിച്ചാൽ കാററു വരാതിരിക്കുമോ ? കാററു വരും. കൊമ്പു കുലുക്കും. മാങ്ങ കൊഴിയും. മാമ്പഴം പെറുക്കിയെടുക്കാൻ കുട്ടികൾ തിക്കും തിരക്കും; ഓട്ടം. എല്ലാ മാവിൻെറ ചുവട്ടിലും അന്നു് ഓണക്കളിപോലെയുള്ള ഉത്സാഹമാണു്.

മാവില്ലാത്ത പറമ്പുകൾ നമ്മുടെ നാട്ടിൽ ചുരുക്കമാകുന്നു. അതു് ഒരു ഫലവൃക്ഷം ആണു്; അതിനു നല്ല തണലും ഉണ്ടു്. വേനൽക്കാലത്തു് മാവുകൾ ധാരാളമുള്ള പറമ്പുകളിൽ ചൂടു് അധികം തോന്നുകയില്ല. മാവിൻതണലത്തു് ഇരുന്നു കളിക്കാം; അല്ലെങ്കിൽ പഠിക്കാം.

പലതരം മാവും, പലതരം മാങ്ങയും ഉണ്ടു്. ചില മാവുകളുടെ മാങ്ങ കൂട്ടാൻ വയ്ക്കാൻ വളരെ നല്ലതാണു്. ചിലതിൻെറ മാമ്പഴത്തിനു് അധികം സ്വാദു തോന്നും. നല്ല പുളിയുള്ള മാങ്ങയാണു് ഉപ്പിലിടുന്നതിനും കറിയുണ്ടാക്കുന്നതിനും വേണ്ടതു്. മിക്കവർക്കും 'കടുമാങ്ങാ'ക്കറി വളരെ ഇഷ്ടമായിരിക്കും. വേണ്ടപോലെ മുളകുപൊടിയും ഉപ്പും മററും

ചേർത്തുണ്ടാക്കുന്ന മാങ്ങാക്കറി ഒന്നു രണ്ടു കൊല്ലത്തേയ്ക്കു ചീത്തയാകാതെ സൂക്ഷിക്കാം.

പച്ചമാങ്ങയാണു് ഉപ്പിലിടുന്നതും മുളകു ചേർത്തു കറിയാക്കി വയ്ക്കുന്നതും. പഴുത്ത മാങ്ങ മൂന്നു നാലു ദിവസത്തിൽ കൂടുതൽ ഇരുന്നാൽ ചീഞ്ഞുപോകും. എന്നാൽ മാമ്പഴത്തിൻെറ ചാറു് ഉണക്കി വയ്ക്കാറുണ്ടു്. ചാറു പിഴിഞ്ഞു് പായിൽ ഒഴിച്ചു് വെയിലത്തു വയ്ക്കും. അങ്ങനെയാണു് അതു് ഉണക്കി മാന്തിരയുണ്ടാക്കുന്നതു്. നിങ്ങൾ മാന്തിര തിന്നിട്ടുണ്ടോ ? അതിൻെറ സ്വാദു് ഓക്കുമ്പോൾ വായിൽ വെള്ളം വരും ചിലക്കു്, ഇല്ലേ ? ധാരാളം മാമ്പഴം പിഴിയാനുണ്ടെങ്കിൽ നമുക്കുതന്നെ മാന്തിര ഉണ്ടാക്കാം.

പല നല്ല ഇനം മാവുകളും ഒട്ടിച്ചു് ഒട്ടു മാവിൻതൈകൾ ഉണ്ടാക്കാറുണ്ടു്. നാട്ടു മാവിൻെറ തൈയിൽ നല്ലതരം മാവിൻെറ ചില്ലക്കൊമ്പു് ഒട്ടിക്കുന്നു. ആ കമ്പു് കുറെ നാൾ കൊണ്ടു് വേരുപിടിച്ചു് പൊടിക്കും. പിന്നീടു് അതു കേടുവരാതെ മാവിൽനിന്നു കത്തികൊണ്ടു് വേർപെടുത്തി എടുക്കാം. ഇങ്ങനെയാണു് ഒട്ടുമാവിൻതൈയ് ഉണ്ടാക്കുന്നതു്.

മാങ്ങയ്ക്കു വേണ്ടിയാണ് പ്രധാനമായി മാവു വച്ചു പിടിപ്പിക്കുന്നതെന്നു പറഞ്ഞല്ലൊ. മററു ചില ആവശ്യങ്ങളും ആ മരം കൊണ്ടു് ഉണ്ടു്. മാവിൻതടി പലകയാക്കി അറുത്തെടുക്കാം. മച്ചിടാനും വാതിലുണ്ടാക്കാനും മററും അതു ചിലർ ഉപയോഗിക്കുന്നുണ്ടു്. കട്ടിള, ഉത്തരം മുതലായവയും മാവിൻതടി കൊണ്ടു് തീർത്തെടുക്കാം. പ്ലാവു്, വീട്ടി, തേക്കു് മുതലായവയ്ക്കു് മാവിനേക്കാൾ ഈടും ഉറപ്പും കൂടും. അവകൊണ്ടു നിർമ്മിക്കുന്ന ഉരുപ്പടികൾക്കു് മിനുസവും ഭംഗിയും ഏറുകയും ചെയ്യും.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) മാവു് ഒരു ഫല — — ആകുന്നു.

(ii) അന്നു് ഓണ — ളിപോലുള്ള ഉ — — മാണു്.

2. (i) മാവിൻെറ പലകകൊണ്ടു് എന്താണു് ഉപയോഗം?

(ii) മാവോ പ്ലാവോ അധികം നല്ല മരം?

(iii) അവകൊണ്ടു നിർമ്മിക്കുന്ന ഉരുപ്പടികൾക്കു് മിനുസവും ഭംഗിയും ഏറും — ഏവകൊണ്ടു നിർമ്മിക്കുന്ന ഉരുപ്പടികൾക്കാണു് മിനുസവും ഭംഗിയും ഏറുന്നതു്? ഏതുകൊണ്ടു നിർമ്മിക്കുന്ന ഉരുപ്പടികൾക്കാണു് കുറയുന്നതു് ?

3. കായുണ്ടാകുന്ന മരം ; തൈയ് ഒട്ടിച്ചുണ്ടാക്കുന്ന മാവു് — ഇവയ്ക്കു പകരം പറയാവുന്ന വാക്കു് ഈ പാഠത്തിൽ നിന്നെടുത്തെഴുതുക.

പാഠം ൧൫

കാറേറ വാ

കാറേറ വാ! കാറേറ വാ!
കാറേറ, കാറേറ വാ!

അരികത്തുണ്ടൊരു മാങ്കാവ്,
മാങ്കാവിൽച്ചില തേന്മാവ്,
തേന്മാവുകളിൽപ്പല നല്ല
തേൻകനി തൂങ്ങും ചെറുചില്ല,
ചില്ല കുലുക്കാൻ, മാങ്ങ പൊഴിക്കാൻ,
കാറേറ കാറേറ വാ! കുഞ്ഞി-
ക്കാറേറ കാറേറ വാ!

കുന്നിൻ മുകളിൽക്കൂടി,
പൂവിൻ പൊടിയാൽ മൂടി,
മുല്ലപ്പൂവും ചൂടി,
മൂളിപ്പാട്ടും പാടി,

മാന്തോപ്പൊക്കെയനക്കി,
മാവിൻകൊമ്പു കുലുക്കി,
മാങ്ങ പൊഴിക്കാൻ, പാടി രസിക്കാൻ
കാറേറ കാറേറ വാ! കുഞ്ഞി-
ക്കാറേറ കാറേറ വാ!

—ജി.

അഭ്യാസം:—

1. (i) ഒരുപാട്ട മാവുകൾ ഒരുമിച്ചു നിൽക്കുന്ന പറമ്പിനു രണ്ടു വാക്കു പറയൂ.

[മാങ്കാവ്, മാന്തോപ്പ്]

(ii) പൂവിന്റെ പൊടി, തേൻപോലെ മധുരിക്കുന്ന കനി — ഇവയ്ക്കു് ഒററവാക്കു് എഴുതുക.

[പൂമ്പൊടി, തേൻകനി]

(iii) കായും കനിയും = കായും പഴവും.

(iv) കുട്ടികൾ എങ്ങോട്ടാണു് കാററിനെ വിളിക്കുന്നതു് ? എന്തിനാണു വിളിക്കുന്നതു് ?

ഓർമ്മിക്കണം:—[വാ, ഇരി, പറ എന്നൊക്കെ നിങ്ങൾ പറയരുതു്. ഈ കുട്ടികൾ കാററിനോടു് 'വാ' എന്നു പറഞ്ഞതു് കാററിനു രസിച്ചിട്ടുണ്ടാവുമോ ആവോ ? പട്ടിയോടും, പൂച്ചയോടും, തത്തയോടും ഒക്കെ വാ, പോ, ഇരി എന്നൊക്കെ പറയാം. കുട്ടകാരോടും മററുമാവുമ്പോൾ വരൂ, ഇരിക്കൂ, പറയൂ, പോകൂ എന്നൊക്കെയേ പറയാവൂ.]

പാഠം ൨൦

ചിലന്തിയും രാജാവും

സ്കോട്ട്ലൻഡ് എന്നൊരു രാജ്യം ഉണ്ട്. ഒരിക്കൽ ബ്രൂസ് എന്നൊരു രാജാവ് ആ നാടു വാണിരുന്നു. ശത്രുക്കളുടെ ആക്രമണത്താൽ അദ്ദേഹത്തിനു രാജ്യം നഷ്ടപ്പെട്ടു. രാജ്യം വീണ്ടെടുക്കാൻ അദ്ദേഹം വളരെ ശ്രമിച്ചു. ഏഴുവട്ടം ബ്രൂസ് പടയിൽ തോററു; ഒടുവിൽ ഉത്സാഹം നശിച്ച് നാടുവിട്ട് ഓടി; കാട്ടിൽ ചെന്ന് ഒരു ഗുഹയിൽ ഒളിച്ചിരുന്നു.

ഒരിക്കൽ ബ്രൂസ് ഓരോന്ന് ആലോചിച്ചുകൊണ്ട് ഗുഹയിൽ ഇരിക്കുകയായിരുന്നു. ഒരു അററത്ത്, നൂലിൽ ഒരു ചിലന്തി തൂങ്ങിക്കിടക്കുന്നതു കണ്ടു. അദ്ദേഹം സൂക്ഷിച്ചു നോക്കി. ഒരു കോണിൽനിന്നു മറുകോണിലേയ്ക്കു നൂൽ തൊടുക്കാൻ ചിലന്തി ശ്രമിക്കുകയാണ്. ഏഴുവട്ടം അതു ചാടുന്നതു് ബ്രൂസ് കണ്ടു. ഏഴുവട്ടവും മറുകോണിൽ എത്തുവാൻ അതിനു പററിയില്ല. ഇനിയും എന്തുചെയ്യാൻ പോകുന്നുവെന്ന് അദ്ദേഹം ഉററു നോക്കി. ചിലന്തി തോററു പിൻവാങ്ങിയില്ല. അതു പിന്നെയും ആഞ്ഞു ചാടി. ആ തവണ അതു ജയിച്ചു.

അതുകണ്ടു് ബ്രൂസിനു പിന്നെയും ആശ ഉണ്ടായി. ഏഴാമത്തെ തോററിട്ടും ചിലന്തി പിൻമാറിയില്ല, പരിശ്രമിച്ചു; വിജയം നേടു

കയും ചെയ്തു. താനും പിൻമാറാതെ പരിശ്ര മിക്കയാണു വേണ്ടിയിരുന്നതെന്നു് ബ്രൂസിനു തോന്നി. ഗുഹയിൽ നിരാശനായി ഒളിച്ചിരു ന്നിട്ടു് എന്താണു ഫലം? പൗരുഷത്തോടുകൂടി പടവെട്ടാൻ അദ്ദേഹം നിശ്ചയിച്ചു.

ഉടൻ ബ്രൂസ് എഴുന്നേററു. അദ്ദേഹം തിരിച്ചു നാട്ടിൽ ചെന്നു. ബ്രൂസിനെ സ്നേഹി

ച്ചിരുന്ന പ്രജകൾ അദ്ദേഹത്തെ സഹായിക്കാൻ എത്തി. വലിയ ഒരു യുദ്ധം നടന്നു. സമരത്തിൽ ബ്രൂസ് വിജയിയായി.

ഗുഹയിലെ ആ ചിലന്തിയാണ്, തനിക്കു ധൈര്യവും ഉത്സാഹവും ഉളവാക്കിയതെന്ന് ബ്രൂസ് പറയാറുണ്ടായിരുന്നു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—
   (i) സ്കോട്ട്ലൻഡിലെ രാ—വ് ആയിരുന്നു, —സ്.
   (ii) ശത്രുക്കളുടെ ആ— —ണത്താൽ അദ്ദേഹത്തിനു രാ—ന ഷ്ടപ്പെട്ടു.
   (iii) ധൈ—വും ഉ—ഹവും ഉളവാക്കിയതു്.

2. ബ്രൂസ് കാട്ടിൽ ചെന്നു് ഒരു — — യിൽ ഒളിച്ചിരുന്നു. [എവിടെ ഒളിച്ചിരുന്നു ? എഴുതുക.]

3. ബ്രൂസ് ഏഴതവണ ——

[ബ്രൂസ് ഏഴതവണ എന്തുചെയ്തു ? പടവെട്ടി, യുദ്ധം ചെയ്തു, സമരം ചെയ്തു, പോരാടി ഇവയിൽ ഏതെങ്കിലും ഒരു വാക്കു് വരയിട്ടിരിക്കുന്ന സ്ഥലത്തു് എഴുതുക.]

4. (i) ബ്രൂസ് ഗുഹയിൽ ചെന്നു് ഒളിച്ചിരിക്കാൻ കാരണം എന്തു്? ചിലന്തി എന്തു ചെയ്യുകയായിരുന്നു ?
   (ii) ധൈര്യം × അധൈര്യം
   [ഈ വിപരീതപദങ്ങൾ ഓർമ്മിക്കുക.]

പാഠം ൨൧

ഭാരതപ്പുഴ

കേരളത്തിലെ ഏററവും വലിയ നദിയാണു് ഭാരതപ്പുഴ. ആനമുടിയിൽനിന്നാണു് ഇതിൻെറ ഉത്ഭവം. പേരാർ എന്നും ഈ നദിക്കു പേരുണ്ടു്. നൂററമ്പത്താറു നാഴികയോളമാണു് ഇതിൻെറ നീളം. ചീരക്കുഴിപ്പുഴയും കുന്തിപ്പുഴയും പേരാറിൻെറ പ്രധാന പോഷക നദികളാണു്.

പേരാറിൻെറ തീരത്തു് ധാരാളം പാടങ്ങളുണ്ടു്. നെല്ലു മുളച്ചു നിരന്ന പച്ചപ്പാടങ്ങളുടെ നടുവിൽക്കൂടി പുഴ ഒഴുകിപ്പോകുന്നു.

മഴക്കാലത്തു ഭാരതപ്പുഴ നിറയും. തീരം കവിഞ്ഞു് ഒഴുകും. അപ്പോഴത്തെ ഒഴുക്കിനു് എന്തു ശക്തിയാണെന്നോ! വേനലാകുമ്പോൾ ഈ മട്ടൊക്കെ മാറും. വെള്ളം വളരെ കുറഞ്ഞുപോകും. വർഷകാലത്തെ വെള്ളം അണകെട്ടി നിർത്തിയാൽ വേനൽക്കാലത്തു കൃഷിക്കു് ഉപയോഗിക്കാം. ഭാരതപ്പുഴയുടെ ഒരു ചെറിയ പോഷകനദിയിൽ ഇപ്പോൾ ഒരു അണക്കെട്ടു് ഉണ്ടാക്കിയിട്ടുണ്ടു്; മലമ്പുഴ അണക്കെട്ടു് എന്നു കേട്ടിട്ടില്ലേ?

ഒലവക്കോട്ടു മുതൽ തിരൂർ വരെ ഭാരത പ്പുഴയുടെ വടക്കേത്തീരത്തു കൂടിയാണ് തീവണ്ടിപ്പാത പോകുന്നതു്. പൊന്നാനി യിൽ ചെന്നാണ് ഈ നദി പശ്ചിമസമുദ്ര ത്തിൽ ചേരുന്നതു്. പണ്ടു് പൊന്നാനി ഈ നാട്ടിലെ നല്ലൊരു തുറമുഖമായിരുന്നു. ഇപ്പോൾ അങ്ങനെയുള്ള പ്രാധാന്യമൊന്നും പൊന്നാനിക്കു് ഇല്ല.

വേനൽക്കാലത്തു് പുഴയിലെ വെള്ളം വററിത്തുടങ്ങും. അപ്പോൾ നീണ്ടു പരന്നു കിടക്കുന്ന മണൽത്തിട്ടകൾ പൊങ്ങിവരും. പഞ്ചസാരപോലെ വെളുത്ത ആ മണൽത്തിട്ട കളിൽക്കൂടി ഒന്നു നടക്കാൻ ആർക്കും തോന്നി പ്പോകും. തെളിഞ്ഞ വെള്ളത്തിൽ കുളിക്കാൻ ആരും മോഹിച്ചുപോകും.

പണ്ടു കേരളത്തിലെ ഏററവും വലിയ മഹോത്സവമായിരുന്നു മാമാങ്കം. ഭാരതപ്പുഴ യിലെ തിരുനാവാ മണപ്പുറത്തായിരുന്നു, ആ ഉത്സവം നടത്തിയിരുന്നതു്. ഒരു കാലത്തു്, കേരളത്തിൻെറ പെരുമാളെ തിരഞ്ഞെടുത്തി രുന്നതു്, മാമാങ്കത്തിൽ വച്ചായിരുന്നുവത്രേ. ഇപ്പോൾ മാമാങ്കം ആഘോഷിക്കാറില്ല; ആ

സ്ഥലത്ത് ആണ്ടുതോറും സര്വ്വോദയമേള നടത്താൻ തുടങ്ങിയിട്ടുണ്ട്.

ഭാരതപ്പുഴയുടെ തീരത്ത് പല മഹാക്ഷേത്രങ്ങളുണ്ട്. തിരുവില്വാമലയും തൃത്താലയും തിരുനാവായും ഇവയിൽ മുഖ്യമാകുന്നു. ഹിന്ദുക്കൾ ഭാരതപ്പുഴയെ പുണ്യനദിയായിട്ടാണ് കണക്കാക്കുന്നത്. ഈ പുഴയിൽ കുളിച്ചു ബലിയിടുന്നതുകൊണ്ട് പിതൃക്കൾക്ക് തൃപ്തിവരും എന്ന് അവർ വിശ്വസിക്കുന്നു.

ഭാരതപ്പുഴയിൽനിന്നു വടക്കോട്ട് തിരൂർ വരെ ഒരു തോടുണ്ട്. മററൊരു തോട് ഭാരതപ്പുഴയെ തെക്കുഭാഗത്തുള്ള വെളിയങ്കോട്ടു കായലുമായി ഇണക്കുന്നു. തിരൂർ നിന്നു തിരുവനന്തപുരം വരെ തോണിയിൽക്കൂടി സഞ്ചരിക്കാൻ കഴിയും.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) ആനമുടിയിൽ നിന്നാണ് ഭാരതപ്പു — യുടെ ഉ — വം.

(ii) ചീരക്കുഴി — ഴയും കുന്തിപ്പുഴയും പ്ര—ന പോഷക ന — കൾ ആണ്.

2. (i) തിരുവില്വാമല ഒരു ——— ആകുന്നു.

(ii) മാമാങ്കം ഒരു ——— ആകുന്നു.

(iii) ഭാരതപ്പുഴ ഒരു ——— ആകുന്നു.

[മഹോത്സവം, മഹാക്ഷേത്രം, പുണ്യനദി—ഈ വാക്കുകൾ ചേർച്ച നോക്കി എഴുതുക.]

3. ഒരു പുഴയിൽ വന്നുചേരുന്ന മറെറാരു പുഴ— ഇതിനു പകരം പഠിച്ച ഒററവാക്ക് എഴുതുക. [പോഷകനദി എന്ന വാക്ക് ഓർമ്മിക്കട്ടെ, അല്ലെങ്കിൽ പുസ്തകം നോക്കി അറിയട്ടെ.]

4. (i) മരിച്ചുപോയ ആളുകളുടെ ആത്മാക്കൾ. [പകരം പറയാവുന്ന ഒററവാക്ക് ഈ പാഠത്തിൽനിന്ന് എടുത്തെഴുതുക.]

(ii) ആറ്, പുഴ, നദി—ഈ മൂന്നു വാക്കുകൾക്കും അർത്ഥം ഒന്നാകുന്നു.

പെരിയാറ്, ഭാരതപ്പുഴ, ഗംഗാനദി.

പാഠം ൨൨

കിട്ടുന്നതിൽ പാതി

[ഒരു പ്രഭുവിൻെറ മാളികയുടെ പടിക്കൽ തവണക്കാരൻ നില്ക്കുന്നു. ഒരു പൂക്കാരൻ വരുന്നു.]

തവണക്കാരൻ:—അകത്തു പോകാനാണോ? എന്താണു കുട്ടയിൽ?

പൂക്കാരൻ:—കുറച്ചു പൂവാണ്, ഇവിടെ യജമാനൻെറ മകളുടെ കല്യാണമല്ലേ? അതിനു പൂവു വേണമെന്ന് അറിഞ്ഞു.

തവണക്കാരൻ:—എങ്ങനെ അറിഞ്ഞു? ആരു പറഞ്ഞു?

പൂക്കാരൻ:—വേനൽക്കാലം ആണ്. പൂവു തീരെ കിട്ടാനില്ല. പൂവു കൊണ്ടുവന്നാൽ നല്ല വില കിട്ടുമെന്ന് എന്നോട് ഒരാൾ പറഞ്ഞു.

തവണക്കാരൻ:—ശരി. തനിക്കു വില കിട്ടിയാൽ എനിക്കു എന്താണു ഗുണം?

പൂക്കാരൻ:—ഞാൻ പാവപ്പെട്ടവനാണ്. എന്നെ തടക്കരുത്. അകത്തേയ്ക്കു കടത്തി വിടണം,

തവണക്കാരൻ:—കടത്തി വിട്ടാൽ ?

പൂക്കാരൻ:—ഈ പൂവ് അവിടെ കൊണ്ടു കൊടുക്കാം. കൊടുംവേനൽ ആണ്. എത്ര അലഞ്ഞു കഷ്ടപ്പെട്ടുവെന്നോ, ഇത്രയും പൂവു കിട്ടുവാൻ! എനിക്ക് ഇതിനു നല്ല വില കിട്ടും. വല്ല സമ്മാനവും തരും.

തവണക്കാരൻ:—അതുകൊണ്ട് എനിക്കെന്താ ഗുണം ?

പൂക്കാരൻ:—(വിഷമിച്ചിട്ട്) ഞാൻ എന്തു വേണമെന്നു പറയു.

തവണക്കാരൻ:— കിട്ടുന്നതിൽ പകുതി എനിക്കു തരുമോ ?

പൂക്കാരൻ:—(അല്പം ആലോചിച്ചിട്ട്) തരാം. എന്നെ ഒന്നു കടത്തി വിടു. ഇതിനു വല്ലതും കിട്ടിയിട്ടുവേണം അരിയും മററും വാങ്ങാൻ.

തവണക്കാരൻ:—ശരി, താൻ നല്ല മര്യാദക്കാരൻ. തിരിച്ചു വരുമ്പോൾ വാക്കു മാററരുത്.

[പൂക്കാരൻ അകത്തു പോകുന്നു. തവണക്കാരൻ സന്തോഷിച്ചു നില്ക്കുന്നു.]

[പ്രഭു മാളികയുടെ പൂമുഖത്തു് ഇരിക്കുന്നു. സേവകൻ അടുത്തു നില്ക്കുന്നു. പൂക്കാരൻ പൂവു മുമ്പിൽ കൊണ്ടുവയ്ക്കുന്നു.]

പ്രഭു:—നന്നായി. ഈ വേനൽക്കാലത്തു് ഇത്രയും പൂവു് എവിടെനിന്നു കിട്ടി? എനിക്കു വലിയ സന്തോഷമായി.

സേവകൻ:—പുതിയ പൂക്കൾ, ഒന്നും വാടിയി ട്ടില്ല. ഹാ! താമരയും, തെച്ചിയും, പിച്ചിയും, മുല്ലയും എല്ലാം ഉണ്ടല്ലോ.

പൂക്കാരൻ:—പൊന്നെജമാനനേ! ഞാൻ കേറി യിറങ്ങാത്ത കാടും മേടും ഇല്ല, ഇതിനു വേണ്ടി.

പ്രഭു:—ഇതിന് എന്തു വില കിട്ടണം? എന്തു വേണമെങ്കിലും തരാം. ആവശ്യത്തിനു കിട്ടിയല്ലോ.

പൂക്കാരൻ:—എനിക്കു് ഇതിൻെറ വില പണമായിട്ടു വേണ്ട. മുക്കാലിയിൽ കെട്ടി. അൻപതു് അടി തരുന്നതിന് ഉത്തരവാകണം.

പ്രഭു:—(ആശ്ചര്യപ്പെട്ടു്) എന്തു്? പൂവു കൊണ്ടു വന്നതിന് അൻപതു് അടിയോ! ഇതിൽ എന്തോ കാര്യം ഉണ്ടല്ലോ. നേരു പറയു.

പൂക്കാരൻ:—ഇതിനു വിലയായിട്ടു് അൻപതു് അടി മതി: അതിൽ പാതി എനിക്കും, പാതി വേറൊരു ആൾക്കും ആണു്.

പ്രഭു:—വേറെ ആൾക്കോ?

പൂക്കാരൻ:—തവണക്കാരനുള്ളതാണു് പാതി. കിട്ടുന്നതിൽ പാതി കൊടുത്താലേ കടത്തി വിടുകയുള്ളു എന്നു് അയാൾ പറഞ്ഞു. ഞാൻ അതു സമ്മതിച്ചു. വാക്കു മാറില്ല എന്നു ഞാൻ ഉറപ്പും കൊടുത്തിട്ടുണ്ടു്.

പ്രഭു:—എൻെറ നടയിൽ കാവൽ നില്ക്കുന്നവനോ?

പൂക്കാരൻ:—അതേ തിരുമേനി!

പ്രഭു:—ശരി. അവനു ചെല്ലാനുള്ളതു മുഴുവൻ ഇപ്പോൾത്തന്നെ കൊടുക്കാം. നിനക്കു ള്ളതു വഴിയെ ആകാം. ആരവിടെ? (ഭൃത്യൻ പ്രവേശിക്കുന്നു) നടയിൽ കാവൽ നില്ക്കുന്നവനു മുക്കാലിയിൽക്കെട്ടി ഇരു പത്തഞ്ച് അടി ഉടൻ കൊടുക്കാൻ പറയണം.

[പൂക്കാരനു പൂവിൻെറ വിലയും അതിനു പുറമേ സമ്മാനങ്ങളും കൊടുത്തയയ്ക്കുന്നു.]

അഭ്യാസം:—

1. (i) ആരാണ് പൂവു കൊണ്ടുചെന്നതു്? ആരാണ് അവനെ തടഞ്ഞതു്? അവൻ എന്തു കൊടുക്കാമെന്നു സമ്മതിച്ചു?
   (ii) പൂവിൻെറ വിലയായിട്ട് എന്താണു ചോദിച്ചതു്? പ്രഭു തവണക്കാരനെ എങ്ങനെ ശിക്ഷിച്ചു? പൂക്കാരനെ എങ്ങനെ സന്തോഷിപ്പിച്ചു?
2. തനിക്കു വില കിട്ടിയാൽ എനിക്ക് എന്താണു ഗുണം? തനിക്ക് എന്നുള്ളതു് ആരെ കുറിക്കുന്നു? എനിക്ക് എന്നുള്ളതു് ആരെ കുറിക്കുന്നു?

   [പൂക്കാരന്, തവണക്കാരന്—ഈ വാക്കുകൾ ആ രണ്ടുവാക്കിനു പകരം ചേർത്തെഴുതുക]
3. 'കിട്ടുന്നതിൽ പാതി' എന്ന കഥ പത്തു വാക്യത്തിൽ ഒതുക്കിപ്പറയുക. എന്നിട്ടെഴുതുക.

കുറിപ്പ്:—അദ്ധ്യാപകൻ ചോദ്യങ്ങൾ ചോദിച്ച് കഥാഭാഗങ്ങൾ ഓർമ്മിപ്പിച്ചു പറയിക്കണം.

പാഠം ൨൩

ശീലം

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം;
കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പ്പു ശമിപ്പതുണ്ടോ?

—കുഞ്ചൻ നമ്പ്യാർ.

അഭ്യാസം:—

1. മനുഷ്യൻ. കാഞ്ഞിരക്കുരു.
   [ഈ രണ്ടു വാക്കിനുപകരം ഈ പാഠത്തിൽ കാണുന്ന രണ്ടുവാക്ക് എഴുതുക.]
2. മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തോളം എപ്പോഴുള്ള ശീലം മറക്കുകയില്ല? എങ്ങനെയുള്ള ശീലമാണ്, ബാല്യത്തിൽത്തന്നെ ഉണ്ടാവേണ്ടതു്?
   [നല്ല ശീലമോ ചീത്തശ്ശീലമോ എന്നു പറയണം. എന്നിട്ട് എഴുതണം.]
3. കാഞ്ഞിരക്കുരു മൂക്കുന്നതിനു മുൻപുമുതൽക്ക് അതിന് എന്തു രുചിയാണ്? കയ്പ്പോ, ചവർപ്പോ, പുളിപ്പോ, മധുരമോ? കാഞ്ഞിരക്കുരു മൂക്കുമ്പോഴും എന്തായിരിക്കും സ്വാദ്? അപ്പോൾ കയ്പ്പു കൂടുമോ കുറയുമോ? കാഞ്ഞിരക്കുരു പാലിൽ ഇട്ടു കുറെ ദിവസം വച്ചിരുന്നാലും അതിന്റെ സ്വാദു മാറുമോ?

പാഠം ൨൪

വിലപിടിച്ച വസ്തു

പണ്ടൊരിക്കൽ ചൈനയിൽ ഒരു പ്രഭു ഉണ്ടായിരുന്നു. തൻെറ നിലം കൃഷിചെയ്യുന്ന കഷ്കന്മാരോട്ട് അദ്ദേഹം തീരെ ദയ കാണിച്ചിരുന്നില്ല. പാടങ്ങളിൽ വിളവ് ഉണ്ടായാലും ഇല്ലെങ്കിലും പാട്ടവും നികുതിയും കിട്ടണം എന്നു ശഠിച്ചിരുന്നു. പാവപ്പെട്ട കൃഷിക്കാൎക്ക് എന്തുചെയ്യാൻ കഴിയും!

ഒരു വഷകാലത്തിൽ വലിയൊരു വെള്ളപ്പൊക്കം ഉണ്ടായി. ചില ഗ്രാമങ്ങളിലെ വിളവു മുഴുവൻ നശിച്ചുപോയി. എല്ലാ ദിക്കിലും ക്ഷാമം പിടിപെട്ടു. പലരും രോഗം ബാധിച്ചു മരിച്ചു. പ്രഭുവിന് അടയ്ക്കേണ്ട പണം അടയ്ക്കുവാൻ ഗ്രാമവാസികൾക്കു സാധ്യമായില്ല.

പിരിയേണ്ട നികുതി പിരിക്കുന്നതിന് അദ്ദേഹം തൻെറ മന്ത്രിയെ നിയോഗിച്ചു. മന്ത്രി പുറപ്പെടുന്ന സമയത്ത്, പ്രഭു ഒരു കാര്യം കൂടി ഏല്പിച്ചു. "ഇവിടെ കിട്ടാത്ത വല്ല വിലപിടിച്ച സാധനവും കിട്ടുമെങ്കിൽ വാങ്ങിക്കൊണ്ടു പോരണം; എന്തു വിലയായാലും

രേണ്ടില്ല." പ്രഭുവിനെ വന്ദിച്ച് ആ ഉദ്യോഗസ്ഥൻ പുറപ്പെട്ടു.

ക്ഷാമം പിടിപെട്ട ഗ്രാമങ്ങളെല്ലാം മന്ത്രി സന്ദർശിച്ചു. ജനങ്ങളുടെ കഷ്ടാവസ്ഥ നേരിട്ടു കണ്ടപ്പോൾ അദ്ദേഹത്തിന് അനുകമ്പ തോന്നി. മന്ത്രി എല്ലാവരേയും വിളിച്ചു വരുത്തി. എന്തുകൊണ്ടാണ്, അടയ്ക്കേണ്ട പണം അടയ്ക്കാത്തതെന്നു ചോദിച്ചു. അവിടെ കൂടിയിരുന്നവരെല്ലാം അവരുടെ കഷ്ടപ്പാടുകൾ വിവരിച്ചു. മിക്കവർക്കും ഒരു മാസത്തെ ആഹാരത്തിനുള്ള വക പോലും വയലിൽ നിന്നു കിട്ടിയിരുന്നില്ല.

മന്ത്രി കുറച്ചുനേരം ആലോചിച്ചു. എന്നിട്ട് ആ കർഷകന്മാരോടു പറഞ്ഞു: "നിങ്ങളുടെ ദുരിതങ്ങളും കഷ്ടതകളും പ്രഭു അറിഞ്ഞിട്ടുണ്ട്. എന്നെ അയച്ചിരിക്കുന്നത് നികുതി ഇളവുചെയ്തു തന്നിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കാനാണ്. നിങ്ങൾക്കു മനസ്സമാധാനത്തോടുകൂടി പോകാം."

ആ വാക്കു കേട്ടപ്പോൾ ഗ്രാമവാസികൾക്ക് ഉണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. പ്രഭുവിൻെറ ദയയെക്കുറിച്ച് എല്ലാവരും സ്തുതിച്ചു.

മന്ത്രി തിരിച്ചെത്തിയപ്പോൾ പ്രഭു ചോദിച്ചു: "എന്തു വിലപിടിച്ച വസ്തുവാണ് കൊണ്ടുവന്നിട്ടുള്ളത് ? എത്ര പണം പിരിഞ്ഞു? എന്തു ബാക്കിയുണ്ട് ?"

ആ ഉദ്യോഗസ്ഥൻ പറഞ്ഞു: "ഗ്രാമത്തിൽ ഒട്ടാകെ ക്ഷാമം ബാധിച്ചിരിക്കയാണ്. പട്ടിണിയും രോഗവും കൊണ്ട് അനേകം പേർ മരിച്ചിരിക്കുന്നു; ഇപ്പോഴും മരിക്കുന്നുമുണ്ട്. അതിനാൽ നികുതി തരാൻ ആർക്കും കഴിവില്ലാതിരിക്കുകയാണ്. എങ്കിലും ഇവിടെ ഇല്ലാത്ത ഒരു വസ്തു ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ വില ആർക്കും മതിക്കാവുന്നതല്ല. ആ വസ്തു എന്താണെന്നോ? അല്പം ദയ. തിരുമേനി ദയ കൊണ്ട് നികുതി ഇളവു ചെയ്തിരിക്കുന്നു എന്ന് പാവപ്പെട്ട ഗ്രാമവാസികളെ ഞാൻ അറിയിച്ചു. അവരുടെ സന്തോഷം ഒന്നു കാണേണ്ടതായിരുന്നു."

പ്രഭുവിന് കോപമാണു തോന്നിയത്. മന്ത്രിയെ ജോലിയിൽനിന്ന് ഉടൻതന്നെ പിരിച്ചയച്ചു.

അടുത്ത സംവത്സരത്തിൽ ആ പ്രഭുവിന് ആ ഗ്രാമങ്ങളിൽക്കൂടി പോകേണ്ടിവന്നു. നാട്ടുകാരെല്ലാം 'ദയാലുവായ പ്രഭു', 'അലിവുള്ള

പ്രഭു' എന്നു പറഞ്ഞു് അദ്ദേഹത്തിനെ വാഴ്ത്തി. ചെല്ലുന്ന ദിക്കിലൊക്കെ എതിരേല്ക്കാൻ അവർ തിക്കിക്കൂടി. ഇത്ര വലിയ സ്നേഹവും സന്തോഷവും അദ്ദേഹം കണ്ടിട്ടില്ലായിരുന്നു. മന്ത്രി പറഞ്ഞതു് അപ്പോൾ പ്രഭുവിനു് ഓർമ്മ വന്നു. കൊട്ടാരത്തിൽ തിരിച്ചെത്തിയപ്പോൾ ആ നല്ല മനുഷ്യനെ അദ്ദേഹം വിളിച്ചു വരുത്തി; വീണ്ടും മന്ത്രിയായി നിയമിക്കുകയും ചെയ്തു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—
   (i) അടുത്ത സംവ — രത്തിൽ ആ — മങ്ങളിൽക്കൂടി പോകേ — വന്നു.
   (ii) പ്ര — ആ നല്ല മനു — നെ വീണ്ടും മ — ആയി നിയമിക്കുകയും ചെ — .
2. ഗ്രാമത്തിൽ ഒട്ടാകെ — ബാധിച്ചിരിക്കയാണു്.

   [എന്താണു് ബാധിച്ചിരിക്കുന്നതു് ? എഴുതുക]
   (i) എന്തായിരുന്നു പ്രഭുവിൻെറ ഗൃഹത്തിൽ ഇല്ലായിരുന്ന വിലപിടിച്ച വസ്തു ?
   (ii) മന്ത്രി പാവപ്പെട്ട കൃഷിക്കാരെ എങ്ങനെ സന്തോഷിപ്പിച്ചു ?
   (iii) പ്രഭു കോപിച്ചതു് എന്തിനായിരുന്നു ?

പാഠം ൨൭

സത്യവാനായ ബാലൻ

അമേരിക്കയിൽ വാഷിങ്ടൻ എന്നു പേരായ ഒരു കുട്ടി ഉണ്ടായിരുന്നു. വീട്ടിലെ തോട്ടത്തിൽ ചെറിയ കൃഷിവേലകൾ ചെയ്യാൻ വാഷിങ്ടൻ വളരെ ഉത്സാഹം കാണിച്ചിരുന്നു. അതു കണ്ടു സന്തോഷിച്ച് ആ ബാലന്ന് അച്ഛൻ ഒരു കൈക്കോടാലി സമ്മാനിച്ചു. അതു കിട്ടിയപ്പോൾ വാഷിങ്ടന്ന് അളവില്ലാത്ത ആഹ്ലാദം തോന്നി. അന്നു വൈകുന്നേരം പള്ളിക്കൂടം വിട്ട ഉടനെ വാഷിങ്ടൻ ഓടിവന്ന് കോടാലി കൈയിൽ എടുത്തു. അതിന്ന് എന്തു മിനുസം! എന്തു മൂർച്ച! പിടിയുടെ ഭംഗിയോ! കൈക്കോടാലി കൈയിൽ നിന്നു താഴെ വയ്ക്കാൻ അയാൾക്കു തോന്നിയില്ല.

കോടാലിയുടെ മൂർച്ച നോക്കണം. അതു കൊണ്ടു ചിലതു കൊത്തി വീഴ്ത്തണം. എന്തൊരു രസമായിരിക്കും! വാഷിങ്ടൻ തോട്ടത്തിലേയ്ക്ക് ഓടി. അവിടെ ഒരു ചെറിയ തൈമരം ഭംഗിയായി തഴച്ചു നിന്നിരുന്നു. കുട്ടി കോടാലിയുടെ മൂർച്ച അതിൽത്തന്നെ പരീ

ക്ഷിച്ചു. അതിന്റെ ഒന്നു രണ്ടു കൊമ്പു വെട്ടിയിട്ടു. തന്റെ അച്ഛൻ വളരെ ലാളിച്ചു വളർത്തിയിരുന്നതാണ് അതെന്ന് അപ്പോഴാണ് ആ ബാലന് ഓർമ്മവന്നതു്.

അന്നു വൈകുന്നേരം വാഷിങ്ടന്റെ അച്ഛൻ പതിവുപോലെ തോട്ടത്തിലേയ്ക്കു ചെന്നു. ആ ഭംഗിയുള്ള കൊച്ചു മരത്തിന്റെ ഒന്നു രണ്ടു കൊമ്പ് ആരോ മുറിച്ചു കളഞ്ഞിരിക്കുന്നു! അദ്ദേഹത്തിനു കോപം സഹിക്കാൻ പാടില്ലാതായി. വേലക്കാരനെ വിളിച്ച് ആരാണ് ഈ ദ്രോഹം ചെയ്തതു് എന്നു ചോദിച്ചു. അവൻ മറുപടി ഒന്നും പറഞ്ഞില്ല. വാഷിങ്ടനാണ് കുററക്കാരൻ എന്ന് ആ

വേലക്കാരനും അറിഞ്ഞിരുന്നില്ല. അദ്ദേഹം വേലക്കാരനെ ശാസിച്ചു. അതുകേട്ട വാഷിങ്ടൺ അച്ഛന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു:

"അച്ഛാ! ഞാൻ നേരു പറയാം. വേലക്കാരനെ ശിക്ഷിക്കേണ്ട. ഞാൻ തന്നെയാണ് ഈ മരക്കൊമ്പു വെട്ടിയതു്. അച്ഛൻ തന്ന കോടാലിയുടെ മൂർച്ച നോക്കാൻ ഞാൻ ചെയ്തു പോയതാണ്."

അദ്ദേഹത്തിന്റെ കോപം തണുത്തു. പുത്രനെ കെട്ടിപ്പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

"നീ നേരു പറഞ്ഞതുകൊണ്ട് എനിക്കു വളരെ സന്തോഷമായി. ഈ തോട്ടത്തിലുള്ള വൃക്ഷങ്ങൾ മുഴുവൻ നശിച്ചാലും സഹിക്കാം. നീ ഒരു അസത്യം പറഞ്ഞാൽ എനിക്ക് അതിലും അധികം വ്യസനം ഉണ്ടാകും."

ഈ ബാലനാണ് പിന്നീട് അമേരിക്കയിലെ നായകനായി പ്രസിദ്ധിനേടിയ വാഷിങ്ടൺ. അമേരിക്കക്കാർ അദ്ദേഹത്തിന്റെ നാമം ബഹുമാനത്തോടും സ്നേഹത്തോടും കൂടി ഇന്നും ഓർമ്മിച്ചുവരുന്നു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

   (i) അമേരിക്കയിൽ വാഷി — ൻ എന്നു പേരായ ഒരു കുട്ടി ഉ — യിരുന്നു.

   (ii) വാ — ങ്ടൻെറ അ — ൻ തോട്ട ത്തിൽ ചെന്നു നോക്കി.

   (iii) എനിക്ക് അതിലും അ — കം —സനം ഉണ്ടാകും.

2. (i) നേര് = സത്യം. നേര് × നുണ.

   (ii) നുണ = അസത്യം. സത്യം × അസത്യം.

3. വാഷിങ്ടൻ എന്തു തെററു ചെയ്തുപോയി ? ആ കുട്ടിക്ക് എന്തു പറയാൻ ധൈര്യമുണ്ടായി ?

   കുട്ടിക്കു ധൈര്യമില്ലായിരുന്നെങ്കിൽ എന്തു പറയുമായിരുന്നു? വാഷിങ്ടൻെറ അച്ഛൻ മകനെ എങ്ങനെ ആശ്വസിപ്പിച്ചു ?

പാഠം പത്തു്

മയിൽപ്പീലിയിലെ കണ്ണുകൾ

ഗ്രീസ് എന്നൊരു പഴയ രാജ്യം ഉണ്ടു്. പണ്ടു് ആ രാജ്യത്തെ ആളുകൾക്കു കഥ ഉണ്ടാക്കിപ്പറയാൻ അതിസാമർത്ഥ്യം ആയിരുന്നു. അന്നത്തെ കുട്ടികൾക്കു് എല്ലാം അറിയണം. അന്നത്തെ അമ്മൂമ്മമാക്കു് എല്ലാം അറിയാം. കുട്ടികൾ ചോദിക്കും; അമ്മൂമ്മമാർ മറുപടി പറയും. അങ്ങനെ എത്ര കഥകൾ ഉണ്ടായിട്ടുണ്ടു്!

ഒരിക്കൽ ചില ചെറിയ കുട്ടികൾ അവരുടെ അമ്മൂമ്മയോടു ചോദിച്ചു: 'അമ്മൂമ്മേ, അമ്മൂമ്മേ! മയിലിൻെറ പീലികളിൽ കണ്ണുകൾ ഉണ്ടായതു് എങ്ങനെയാണു്?' അമ്മൂമ്മ കുറച്ചൊന്നു് ആലോചിച്ചു; എന്നിട്ടു പറഞ്ഞു:

അതോ ? അതു രസമുള്ള ഒരു കഥയാണു്. ദേവന്മാക്കു് ഒരു രാജ്ഞിയുണ്ടു്, ജൂണോ. ജൂണോ അതിഭംഗിയുള്ള ഒരു പശുവിനെ ഓമനയായി വളർത്തിവന്നു. പാലുപോലെ വെള്ള നിറം ഉള്ള പശു. ദേവന്മാരുടെ രാജാവു് ആരാണു് ? അറിയാമോ ?

ജൂപ്പിററർ. ജൂപ്പിററക്ക് അങ്ങനെ വെളുത്ത ഒരു ഓമനപ്പശുവിനെ വേണം. പക്ഷെ, ആ നിറവും ആ അഴകും ഉള്ള പശു ഒന്നേ ഉള്ളൂ. അതിനെ ജൂണോ കൊടുക്കുകയുമില്ല.

തൻെറ വാത്സല്യപാത്രമായ പശുവിനെ ജൂപ്പിററർ തട്ടിയെടുക്കുമെന്നു രാജ്ഞിക്കു സംശയം ജനിച്ചു. അവൾ പശുവിനെ നോക്കുന്ന ആർഗസ്സിനെ വിളിച്ചു പറഞ്ഞു: "സൂക്ഷിച്ചുകൊള്ളണം, നമ്മുടെ പശുവിനെ ആരും തട്ടിക്കൊണ്ടു പോകാതെ സൂക്ഷിച്ചു കൊള്ളണം."

ആർഗസ്സിനു നൂറു കണ്ണ് ഉണ്ട്. അയാൾ ഉറങ്ങുമ്പോൾ രണ്ടു കണ്ണു മാത്രമേ അടയ്ക്കുകയുള്ളു. മററു കണ്ണുകളൊക്കെ നക്ഷത്രം പോലെ തുറന്നിരിക്കും. അതുകൊണ്ട് ആർഗസ്സിൻെറ അടുക്കൽനിന്നും പശുവിനെ കവരാൻ ആർക്കും പററുകയില്ല. രാജ്ഞിക്ക് അതറിയാമാ l രുന്നു. എങ്കിലും സൂക്ഷിച്ചിരിക്കുന്നതു നല്ലതാണല്ലോ. അതുകൊണ്ടാണ്, നോട്ടക്കാരനോട് പിന്നെയും പിന്നെയും അങ്ങനെ ആജ്ഞാപിച്ചത്. ആർഗസ് നല്ലപോലെ കരുതിയിരിക്കയും ചെയ്തു.

അത്ര വാശിയാണെങ്കിൽ, രാജ്ഞിയുടെ പശുവിനെ തട്ടിക്കൊണ്ടുപോരണം എന്നു ജൂപ്പിററർ തീർച്ചയാക്കി. അതു് ഒരു വെറും നേരമ്പോക്കിനു മാത്രം. പിന്നെ പശുവിനെ തിരിച്ചു കൊടുക്കാമല്ലൊ. പക്ഷെ, അതിനു് എന്താണു് ഒരുപായം? ആർഗസ് വിശ്വസ്തനാണു്. എന്തു കൊടുത്താലും തൻെറ സ്വാമിനിയെ വഞ്ചിക്കയില്ല. നല്ല ഭൃത്യൻ അങ്ങനെ തന്നെ ആയിരിക്കയും വേണം. ദേവന്മാരുടെ കൂട്ടത്തിൽ ഒന്നാന്തരം ഒരു പാട്ടുകാരനുണ്ടു്. അയാൾക്കു രസകരമായ കഥ പറയാനും അറിയാം. ആ ദേവൻ കഥ പറഞ്ഞു തുടങ്ങിയാൽ കേൾക്കുന്നവർ എല്ലാംമറന്നു രസിച്ചിരുന്നുപോവും; പാടിയാൽ സുഖംകൊണ്ടു് ഉറങ്ങിപ്പോകും. ജൂപ്പിററർ ആ ഗായകനെ വിളിച്ചുവരുത്തി; കാര്യം സാധിച്ചുവരാൻ കല്പിച്ചയച്ചു.

വിചാരിച്ചതുപോലെതന്നെ പററി. ആദ്യം അയാളുടെ കഥയിൽ ആർഗസ് ശ്രദ്ധിക്കാതെ ഇരുന്നു. കുറെ കഴിഞ്ഞപ്പോൾ പശുവിൻെറ കാര്യം ആ നോട്ടക്കാരൻ മറന്നു. ഗായകൻ മധുരമായി ഓടക്കുഴൽ വായിച്ചുതുടങ്ങിയും

പ്പോൾ ആർഗസ് ഉറങ്ങിപ്പോയി. ആ തക്കത്തിൽ പാട്ടുകാരൻ പശുവിനെ കൊണ്ടു പൊയ്ക്കളഞ്ഞു.

ദേവി ആ സംഭവം അറിഞ്ഞു. അവൾക്കു നാണവും കോപവും തോന്നി. ആർഗസ്സിനോടു ജപ്യുണ്ടോ ചോദിച്ചു: "നിനക്കെന്തിനാണ്, നൂറു കണ്ണ്? ഉറങ്ങാൻ രണ്ടു കണ്ണു പോരേ? നീ എനിക്ക് അപമാനം വരുത്തിയില്ലേ?" അവൾ തുടർന്നു പറഞ്ഞു: "എന്റെ മയിലിന്റെ പീലികൾക്കു നിന്റെ കണ്ണുകൾ കൊടുക്കുവാൻ പോകുയാണ്. മയിലിനു രണ്ടു കണ്ണേ ഉള്ളു. എന്നാലും, ആരെങ്കിലും അടുത്തുചെന്നാൽ കാണും; അറിയും. നിനക്കു കണ്ണുകൊണ്ട് ഒരു പ്രയോജനവുമില്ലല്ലൊ."

ആർഗസ്സിന്റെ ആ കണ്ണുകളാണ്, മയിലിന്റെ പീലിക്കണ്ണുകൾ ആയിത്തീർന്നത്."

കുട്ടികൾ ഇടയ്ക്കൊന്നും കടന്നു ചോദിച്ചില്ല. ചോദിച്ചാൽ ആ അമ്മൂമ്മ കഥ പറയാതെ പൊയ്ക്കളയുമെന്ന് അവർക്ക് അറിയാം.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) രാജ്ഞിയുടെ പേരു്, — ണോ.

(ii) രാജാവിൻെറ പേരു്. — പ്പിററർ.

2. (i) ആർഗസ്സിനെ ആരു പറപ്പിച്ചു? എങ്ങനെ പററിച്ചു?

(ii) ജ്യൂണോ ആർഗസ്സിനെ എങ്ങനെ ശിക്ഷിച്ചു?

(iii) ആർഗസ്സിൻെറ കണ്ണുകൾ ആക്കാണു കൊടുത്തതു്?

3. ഒരു —. രണ്ടു് —.

[പശു. പശുക്കൾ—ഈ പദങ്ങൾ ചേർച്ച നോക്കി എഴുതുക.]

പാഠം ൨൭

പേനക്കത്തി

രാജശേഖരൻ നായർ പടികടന്നു വരുന്നതു പങ്കജാക്ഷൻ കണ്ടു. ആ കുട്ടി പടിക്കലേയ്ക്കു് ഓടിച്ചെന്നു.

പങ്കജാക്ഷൻ:—അച്ഛൻ എവിടെ നിന്നാണു വരുന്നതു്? ആ കൊല്ലൻെറ ആലയിൽ നിന്നാണോ? എനിക്കു കൊണ്ടുതരാം എന്നു പറഞ്ഞിരുന്ന പേനക്കത്തി കൊണ്ടുവന്നിട്ടുണ്ടോ? എനിക്കു പെൻ-സിൽ ചെത്താൻ അതു കിട്ടിയിട്ടുവേണം.

രാജശേഖരൻ നായർ:—ഞാൻ കൊല്ലൻെറ ആലയിൽ പോയിരുന്നു. പാടത്തു് ഉഴവു തുടങ്ങാറായി. കൊഴു ഉണ്ടാക്കിച്ചു; പത്തായപ്പുര പൂട്ടാൻ താഴും താക്കോലും ഉണ്ടാക്കിച്ചു. നിനക്ക് ഒരു കൊച്ചു പേന-ക്കത്തിയും കൊണ്ടുവന്നിട്ടുണ്ട്. നോക്കു, നല്ല ഭംഗിയില്ലേ? സൂക്ഷിച്ചു നിവർത്തണം. കൈവിരൽ മുറിക്കരുതു്.

പങ്കജാക്ഷൻ:—അഴകുള്ള പിടി. മിനുസവും മൂർച്ചയുമുള്ള അലക്. പോത്തിൻ-

കൊമ്പുകൊണ്ടാണോ അച്ഛാ, ഈ പിടി? എന്തൊരു കറുപ്പ്! എനിക്ക് ഈ പേനക്കത്തി ഇഷ്ടമായി. കൊഴുവും താഴും താക്കോലും കാണട്ടെ. ഈ താഴ് എനിക്കു തുറക്കാൻ പാറില്ല. വല്ലാത്ത ബലം. എങ്ങനെയാണ് അച്ഛാ, കൊഴുവും മററും കൊല്ലൻ ഉണ്ടാക്കുന്നത്?

രാജശേഖരൻ നായർ:—ഒരു ദിവസം നിന്നെ ഞാൻ കൊല്ലൻെറ ആലയിലേക്കു കൊണ്ടുപോകാം. ഇരുമ്പു കാച്ചി നനയ്ക്കുന്നതും തീയിലിട്ടു പഴുപ്പിച്ചെടുക്കുന്നതും അടകല്ലിൽവച്ച് അടിച്ചു വേണ്ട രൂപത്തിലാക്കുന്നതും നേരിട്ടു കാണണം. എന്നാലേ ശരിക്കു മനസ്സിലാവുകയുള്ളു. കണ്ടു നില്പാൻ രസം തോന്നും. ചുട്ടു പഴുപ്പിച്ച ഇരുമ്പു തീക്കനൽപോലെ ഇരിക്കും.

പങ്കജാക്ഷൻ:—അടുപ്പിലിട്ടാണോ, ഇരുമ്പു ചുട്ടു പഴുപ്പിക്കുന്നത്? അത് എടുക്കുമ്പോൾ കൈ പൊള്ളുകയില്ലേ?

രാജശേഖരൻ നായർ:— ഒരുതരം അടുപ്പു തന്നെ. അതിന് ഉലയെന്നാണു പേരു്. തോൽകൊണ്ടുള്ള തുരുത്തികൊണ്ടാണ്

ഉലയടപ്പിൽ തീയ് എരികുന്നതു്. കരിയിൽ തീ പിടിപ്പിക്കും. കനൽ കത്തിക്കാളും. ദുസ്സഹമായിരിക്കും ചൂട്. ചുട്ടു പഴുത്ത ഇരുമ്പു് കൊടിൽകൊണ്ടാണു് കൊല്ലൻ എടുക്കുന്നതു്. അതു് അടകല്ലിന്മേൽ വച്ചു്, ചുററികകൊണ്ടോ കൂടംകൊണ്ടോ അടിച്ചു വേണ്ടരൂപത്തിലാക്കുന്നു. ഒരു ദിവസം കൂടെവന്നാൽ എല്ലാം കാണിച്ചുതരാം.

പങ്കജാക്ഷൻ:—വാക്കത്തിയും അരിവാളും വാളും കോടാലിയും മഴുവും ഒക്കെ ഇങ്ങനെയാണു് ഉണ്ടാക്കുന്നതു്, അല്ലേ? പേനക്കത്തിയുടെയും മററും അലകിനും വായ്ത്തലയ്ക്കും മൂർച്ചയുണ്ടാക്കുന്നതു് എങ്ങനെയാണു്?

രാജശേഖരൻ നായർ:— അ ര ം കൊ ണ്ടു രാവിയോ ചാണയ്ക്കു വച്ചോ മൂർച്ചയുണ്ടാക്കും. നേരമായല്ലോ, നിനക്കു പള്ളിക്കൂടത്തിൽ പോകണ്ടേ? പേനക്കത്തി ആവശ്യം കഴിഞ്ഞാൽ, മടക്കി കുപ്പായത്തിൻെറ കീശയിലിടണം. കളയരുതു്. കൈ മുറിക്കയും അരുതു്.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) അ — ൻ എവിടെ നിന്നു — വരു ന്നതു് ?

(ii) മിന — വും മൃ — യും ഉള്ള അല — .

(iii) പേന — ത്തി ആവ — കഴിഞ്ഞാൽ മടക്കി, കുപ്പായ — — യിൽ ഇടണം.

2. നമുക്ക് അക്ഷരങ്ങൾകൊണ്ടു കളിക്കാം. മര ക്കഷണങ്ങൾകൊണ്ടു കളിവീട്ടുകളും മററും ഉണ്ടാക്കാറില്ലേ ? നമുക്കു് അക്ഷരങ്ങൾ കൊണ്ടു ചില സാധനങ്ങളുടെ പേരുകൾ ഉണ്ടാക്കാം. ആ, ഉ, ല ഈ മൂന്നു് അക്ഷരം കൊണ്ടു് രണ്ടു പേരുണ്ടാക്കാൻ ആക്കു കഴിയും ? 'ആല' എന്നാക്കി യാൽ കൊല്ലൻ ഇരുമ്പു പണിയുന്ന സ്ഥലത്തിൻെറ പേരാവും. 'ഉല' എന്നാ ക്കിയാൽ കൊല്ലൻ ഇരുമ്പു ചുട്ടുപഴുപ്പി ക്കുന്ന അടുപ്പിൻെറ പേരും.

[ആല, ഉല.]

[മരം വെട്ടാനും നിലം ഉഴാനും ആവശ്യമായ രണ്ടു സാധനങ്ങളുടെ പേരുണ്ടാക്കൂ. മൂന്ന ക്ഷരം തരാം അതിനു്.]

മ, കൊ, ഴ [മഴു, കൊഴു.]

ഇങ്ങനെ അക്ഷരങ്ങൾകൊണ്ടു പുതിയ വാക്കുകൾ ഉണ്ടാക്കി രസിക്കാം. ഒന്നു ശ്രമിച്ചു നോക്കൂ.

കമല എന്നു് ഒരു പെൺകുട്ടിയുടെ പേരാണു്. ഈ വാക്കിൽ മൂന്നക്ഷരം ഇല്ലേ? ക, മ, ല. ഈ മൂന്നക്ഷരം കൊണ്ടു്, വളരെ പൊക്കമുള്ള ഒന്നിന്റേയും അതിൽ കാണാവുന്ന ഒരു മൃഗത്തിന്റേയും പേരുണ്ടാക്കാമോ?

[മല, കല.]

കൊല്ലൻ — പേനക്കത്തി ഉണ്ടാക്കുന്നു.

പങ്കജാക്ഷൻ — പെൻസിൽ ചെത്തുന്നു.

[പേനക്കത്തികൊണ്ടു്, ഇരുമ്പുകൊണ്ടു് — ഈ വാക്കുകൾ ചേർത്തുനോക്കി എഴുതുക.]

പാഠം ൧൭

കുട്ടിക്കളി

വെണ്ണയെക്കണ്ടൊരു കണ്ണൻ താനന്നേരം
വെണ്ണിലാവഞ്ചെച്ചിരിച്ചു ചൊന്നാൻ:
"ഒററക്കൈ തന്നിൽ നീ വെണ്ണവച്ചീടു-
ന്നേരം
മററക്കൈ കണ്ടിട്ടു കേഴുമല്ലോ;

മൂത്തവൻ കൈയിൽ നീ വെണ്ണവച്ചീടുമ്പോൾ
ആത്തനായ്നിന്നു ഞാൻ കേഴുമ്പോലെ."

ഇങ്ങനെ കേട്ടുടൻ വെണ്ണയും പിന്നെയു-
മങ്ങു തിരിഞ്ഞു നടന്നനേരം,

കൈയിലെ വെണ്ണയെപ്പയ്യവേ വായിലി-
ട്ടയ്യോ ! എന്നിങ്ങനെ ചൊല്ലിച്ചൊന്നാൻ:

"കള്ളനായുള്ളോരു കാകൻതാൻ വന്നിട്ടെൻ-
കൈയിലെ വെണ്ണയെക്കൊണ്ടുപോയി."

എന്നതു കേട്ടവളേററം ചിരിച്ചുടൻ
വെണ്ണയും കൊണ്ടിങ്ങു വന്നുപിന്നെ.

വൈകാതവണ്ണമക്കൈതവപ്പൈതൽ തൻ
കൈകളിൽ രണ്ടിലും വെണ്ണവച്ചാൾ.

വെണ്ണയെക്കൊണ്ടൊരു കണ്ണൻതന്നാനനം
വെണ്ണിലാവോലുന്ന തിങ്കൾപോലെ.

—ചെറുശ്ശേരി

അഭ്യാസം:—

[അമ്പാടിയിലെ ഉണ്ണിക്കൃഷ്ണനെക്കുറിച്ച് നിങ്ങൾ മുൻപ് മനസ്സിലാക്കിയല്ലൊ. ആ ഓമന കുട്ടി കുറച്ചുകൂടി വളൻ. അക്കാലത്തെ ഒരു

നേരമ്പോക്കാണ് ഈ പാട്ടിൽ. ഉണ്ണിക്കൃഷ്ണൻെറ ഒരു കൈയിൽ അമ്മ വെണ്ണ കൊണ്ടു വന്നുവച്ചു. ആ ഓമനക്കുഞ്ഞ് ചിരിച്ചു കൊണ്ടു പറകയാണ്.]

1. ജ്യേഷ്ഠൻ =
   കാക്ക =
   ചന്ദ്രൻ =
   വേഗത്തിൽ =

[ഈ വാക്കുകൾക്കു പകരം ഈ പാഠത്തിൽ കാണുന്ന വാക്കുകൾ എടുത്തെഴുതുക.]

2. (i) ഒററക്കൈയിൽ വെണ്ണ വച്ചുകൊടുത്തപ്പോൾ കൃഷ്ണൻ എന്തുപറഞ്ഞു ?

   (ii) വീണ്ടും വെണ്ണ കൊണ്ടുവരാൻ അമ്മ പോയപ്പോൾ കൃഷ്ണൻ എന്തുചെയ്തു?

   (iii) അമ്മ വന്നപ്പോൾ കൃഷ്ണൻ എന്തു കൈതവം പറഞ്ഞു ?

   (iv) അമ്മ ചിരിച്ചതു് എന്തുകൊണ്ടു് ?

പാഠം ൨൯

സിംഹവും എലിയും

[സ്ഥലം—വനം. സമയം—നട്ടുച്ച. മരത്തിന്റെ തണലത്തു സിംഹം]

സിംഹം:—(നാവു നുഴഞ്ഞുകൊണ്ടു്) രണ്ടു മൂന്നു ദിവസമായി, ഒരു മാനിനെ തിന്നണം എന്നു മോഹം തുടങ്ങിയിട്ടു്. ഒന്നെങ്കിലും ഇവിടെയെങ്ങാൻ വരണ്ടേ? പേടിച്ചു് എല്ലാം ഒഴിഞ്ഞു പോവുകയാണു്. ഭാഗ്യംകൊണ്ടു് ഒരു വലിയ കല ഇന്നു് എന്റെ മുമ്പിൽപ്പെട്ടു. ഓടി രക്ഷപ്പെടാൻ ആ തടിയനും നോക്കി. എന്നെ കണ്ടാൽ ഏതു മൃഗത്തിനാണു്, ഓടാൻ കാൽ നീങ്ങുക? പേടിച്ചു വിറച്ചു പോവില്ലേ? ആ തടിയൻ കലയ്ക്കു് എന്തിനാണാവോ കൊമ്പും, കൊമ്പിന്മേൽ കൊമ്പും ഒക്കെ? എന്റെ കണ്ണിന്റെ അറ്റത്തു് ആ കൊമ്പിന്റെ മുന കൊണ്ടു. സാരമില്ല. വിശപ്പു തീൎന്നപ്പോൾ ഒരാലസ്യം. ഈ തണലത്തു കിടന്നു് അല്പസമയം ഒന്നു് ഉറങ്ങിക്കളയാം. (നീട്ടിയ കൈയിൽ തലവച്ചു കിടക്കുന്നു. കണ്ണടയ്ക്കുന്നു.)

[ഒരു കാട്ടെലി ആ മരത്തിൻെറ ചില്ലയിൽ എത്തുന്നു]

എലി:—എപ്പോൾ തുടങ്ങിയതാണ്, ഈ അല ച്ചിൽ! വിശപ്പ സഹിക്കാൻ വയ്യാ. ആ ചില്ലയുടെ അററത്തു രണ്ടു മൂന്ന് ഉണക്ക ക്കായ് ഉണ്ടു്. ചില്ലയ്ക്കു ബലം പോരാ. എന്നാലും നോക്കട്ടെ. അയ്യോ! എൻെറ കാലു തെററിയല്ലോ. (വീഴുന്നു)

[സിംഹം ഞെട്ടിയുണരുന്നു. തൻെറമേൽ വീണതു് എലിയാണെന്നു് അറിയുന്നു.]

സിംഹം:—എടാ, ധിക്കാരി, ഞാനാരാണെ ന്നാണു, നീ വിചാരിച്ചതു്? പുലിക്കും ആനയ്ക്കും എന്നെ പേടിയാണു്. കാട്ടെ ലിയുടെ ധൈര്യം കണ്ടില്ലേ? നീ എന്തെന്ന

ഉറക്കത്തിൽനിന്ന് ഉണർത്തി. നിന്നെ ഞാൻ ഞെരിച്ചുകളയും; ഈ കൈ കൊണ്ടു ഞെരിച്ചുകളയും. (കല്ലുരുട്ടി ക്കൊണ്ടു കൈനീട്ടുന്നു.)

എലി:—തിരുമേനി, അവിടുന്നു ക്ഷമിക്കണം; നിസ്സാരനായ എൻെറ കുററം പൊറു ക്കണം. ആനയുടെ മസ്തകം ഞെരിക്കുന്ന താണ് ഈ കൈയ്. ഇതുകൊണ്ട് എലിയെ തൊടുന്നതുപോലും അപമാന മാണ്. വലിയവർ ചെറിയവരുടെ തെററു പൊറുത്തു മാപ്പു കൊടുക്കണം. അറിഞ്ഞുകൊണ്ട് ഞാൻ അവിടത്തെ പള്ളിയുറക്കത്തിനു ഭംഗം വരുത്തുമോ? ചാടിയപ്പോൾ കാലു തെററിപ്പോയി. എനിക്ക് അബദ്ധംപററി. അടി തെററി യാൽ ആനയും വീഴും.

സിംഹം:—ശരിയാണ്. തെററു സമ്മതിച്ചാൽ ബലവാൻ ബലഹീനന് മാപ്പു കൊടു ക്കണം. നിന്നെ കൊല്ലുന്നതു് ഗജശത്രു വായ എനിക്കു പോരായ്മയാണ്. സിംഹത്തിനു ദയയുണ്ടെന്നു ലോകം അറിയട്ടെ. ഇനി ഇവിടെ കാണരുതു്. പോ! ഞാൻ ക്ഷമിച്ചിരിക്കുന്നു.

എലി:—(തൊഴുതു വിറച്ചുകൊണ്ടു്) ഈ കരു ണയും ക്ഷമയും ഞാൻ മറക്കുകയില്ല. അവിടന്നു കുററക്കാരനായ എന്നെ കൊല്ലാതെ വിട്ടുവല്ലൊ. അവിടേയ്ക്കു് എന്തെങ്കിലും സഹായം ചെയ്യാൻ എന്നെങ്കിലും എനിക്കു കഴിയണമേ! ഇത്രമാത്രമാണു് എൻെറ പ്രാൎത്ഥന.

സിംഹം:—(പൊട്ടിച്ചിരിച്ചുകൊണ്ടു്) നീ എനിക്കു സഹായം ചെയ്കയോ? ഞാൻ സിംഹം. നീ ഒരു കാട്ടെലി.

എലി നാണിച്ചു തലതാഴ്ത്തി. പക്ഷേ, സിംഹത്തിനെ സഹായിക്കാൻ ഒരിക്കൽ എലിക്കേ കഴിഞ്ഞുള്ളു. ഏതാനും ദിവസ ങ്ങൾ കഴിഞ്ഞു. മൃഗരാജാവു് കാട്ടാളന്മാർ വച്ച വലയിൽപ്പെട്ടു. ആ വലപൊട്ടിക്കാൻ ശ്രമിച്ചിട്ടു പററിയില്ല. അപ്പോൾ ആ എലി വന്നു്, വലക്കയർ അറുത്തു മുറിച്ചു. അങ്ങനെ സിംഹത്തെ രക്ഷപ്പെടുത്തി. എളിയവരെ നിന്ദിക്കരുതു് എന്നു് അന്നു മുതൽ സിംഹ ത്തിനു ബോധ്യമായി.

61|564

അഭ്യാസം:—

1. സിംഹം എന്ന വാക്കിനുപകരം പറയാവുന്ന രണ്ടു വാക്കു് ഈ പാഠത്തിൽനിന്നു് എടുത്തെഴുതുക.

[മൃഗരാജാവു്, ഗജശത്രു.]

2. "ഈ കരുണയും ക്ഷമയും ഞാൻ മറക്കുകയില്ല"—ആരു മറക്കുകയില്ല ? ആരാണു് കരുണയും ക്ഷമയും കാണിച്ചതു് ?

3. സിംഹത്തിന്റെ ഉറക്കത്തിനു് എങ്ങനെ ഭംഗം വന്നു ?

4. ചെറിയവരുടെ കുററം വലിയവർ —.

[പൊറുക്കണം, പൊറുക്കരുതു് — ഇതിൽ ഏതു വാക്കാണു ചേർക്കേണ്ടതു്?]

5. വലിയവർ എളിയവരെ — .

[നിന്ദിക്കണം, നിന്ദിക്കരുതു്— ഇതിൽ ഏതു വാക്കാണു ചേർക്കേണ്ടതു് ?]

[പത്തു വാക്യത്തിൽ സിംഹത്തിന്റെയും എലിയുടെയും കഥ പറയിക്കണം, ചോദ്യങ്ങൾ ചോദിച്ചു്. എന്നിട്ടു് അതു് എഴുതിക്കണം.]

———

പാഠം ൩൦

വണ്ടും പൂക്കളും

വണ്ട്:—

വരണ്ട തൊണ്ടയോടേ ഞാൻ
വരുന്നു കൊച്ചു മല്ലികേ!
വല്ലതും തരുമോ ദാഹം
വളരുന്നൊരെനിക്കു നീ!

മല്ലിക:—

പറഞ്ഞുതരുമോ മൂളി-
പ്പറക്കാനുള്ള വിദ്യ നീ!
കുഞ്ഞിക്കുരുമ്പ ഞാനെന്നാൽ
കുറച്ചു മധുരം തരാം.

പിച്ചകം:—

കൊമ്പിനാലെൻെറ മേൽക്കുത്തി-
ക്കോററലേല്പിച്ചിടായ്കിലോ
വായല്പം മധുരിപ്പിക്കാൻ
വകയുണ്ടെൻെറ കൈയിലും.

ചമ്പകം:—

കരിവണ്ടേ, വരൊല്ലെൻെറ-
യരികെ,ത്തേൻ തരില്ല ഞാൻ.
നല്ല പൂമ്പാററകൾക്കേ ഞാൻ
നൽകൂ മധുരമെൻ മധു.

—ജി.

അഭ്യാസം:—

1. ആരാണു ദാഹിച്ചു വലഞ്ഞുവന്നതു്? മല്ലിക എന്തു പറഞ്ഞു? പിച്ചകം എന്തു പറഞ്ഞു? ചമ്പകമോ?

2. തേൻ —

[തേൻ എന്നതിനു പകരം പറയാവുന്ന ഒരു വാക്കു് ഈ പാഠത്തിലുണ്ടു്. അതു് ഓർമ്മിച്ചെഴുതുക.]

പാഠം ൩൧

പൂച്ചയ്ക്കു് ആരു മണികെട്ടും ?

ഒരു പഴയ വീട്ടിന്റെ തട്ടിൻപുറത്തു് കുറെ എലികൾ പാർത്തിരുന്നു. ചിലതു വലുതു്; ചിലതു ചെറുതു്. അവയ്ക്കെല്ലാം കട്ടു തിന്നാനുള്ള വക ആ വീട്ടിൽ ഉണ്ടായിരുന്നു.



എലികളുടെ ശല്യം സഹിക്കാൻ വയ്യാതായി. അപ്പോൾ വീട്ടുടമസ്ഥൻ ഒരു വലിയ പൂച്ചയെ കൊണ്ടുവന്നു വളർത്തി. കുറെ എലികൾ അതിന്നു് ഇരയായി. കൂർത്ത നഖങ്ങളും തിളങ്ങുന്ന കണ്ണുകളും ഉള്ള ശത്രുവിനെ പേടിച്ചു് എലികൾ അങ്ങുമിങ്ങും ഒളിച്ചു.

ഒരിക്കൽ അവർ ഒരു യോഗം കൂടി. ഒരു പൊണ്ണനെലിയാണ് അദ്ധ്യക്ഷനായിരുന്നത്. അദ്ധ്യക്ഷൻ പറഞ്ഞു: "നമുക്കു സ്വൈരമായി ജീവിക്കാൻ കഴിയാതായി. നമ്മുടെ കുലശത്രുവായ ആ തടിയന്റെ കൈയിൽപ്പെടാതെ ഇരിക്കാൻ വല്ലതും ഉപായം കണ്ടുപിടിക്കണം."

ആൎക്കും ഒരു ഉപായവും തോന്നിയില്ല. എല്ലാ എലികളും തമ്മിൽത്തമ്മിൽ നോക്കി. ബുദ്ധിമാനാണെന്നു ഭാവിച്ചിരുന്ന അദ്ധ്യക്ഷൻ പറഞ്ഞു:—

"എന്താണ് ആരും മിണ്ടാത്തത്? എനിക്ക് ഒരു വഴി തോന്നുന്നുണ്ട്. ഒച്ച കേൾപ്പിക്കാതെ ആ കാലൻ വരുന്നതുകൊണ്ടല്ലേ, നമുക്ക് ഓടിയൊളിക്കാൻ ഇട കിട്ടാത്തത്? അവന്റെ കഴുത്തിൽ നമുക്ക് ഒരു മണി കെട്ടണം. എന്നാൽ ആ തടിയൻ നടക്കുമ്പോൾ അതു് അനങ്ങും; ഒച്ചകേൾക്കും. നമുക്ക് ഓടി രക്ഷപ്പെടാം. സദസ്യർ എന്തു പറയുന്നു?"

"നല്ല ഉപായം, നല്ല ഉപായം." എലികൾ വിളിച്ചു പറഞ്ഞു. അപ്പോൾ കിഴവനായ ഒരു എലി ചോദിച്ചു. "ആരാണ് പൂച്ചയുടെ കഴുത്തിൽ മണികെട്ടുന്നത്?"

എല്ലാവരും തല താഴ്ത്തി. ആരും മറുപടി പറഞ്ഞില്ല. അദ്ധ്യക്ഷനായ പൊണ്ണനെലി കൈകൊണ്ടു തലയിൽ ചൊറിഞ്ഞു.

അഭ്യാസം:—

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

 (i) അ — ക്ഷനായ പൊ — നെലി കൈ കൊണ്ടു തലയിൽ ചൊറി — .

 (ii) സദ — ർ എന്തു പറയുന്നു ?

 (iii) ഉടമ — ൻ.

2. (i എലികൾ എന്തിനാണു യോഗം കൂടിയതു് ? പൂച്ചയുടെ കഴുത്തിൽ മണി കെട്ടാം എന്നു് ആരു കണ്ടുപിടിച്ചു ?

 (ii ആ ഉപായം കേട്ട സദസ്യർ എന്തു പറഞ്ഞു?

 (iii സദസ്സിൽ ഉണ്ടായിരുന്ന കിഴവൻഎലി എന്തു പറഞ്ഞു ?

3. (i) എലിയുടെ ശല്യം സഹിക്കാതായപ്പോൾ വീട്ടുടമസ്ഥൻ —

 [എന്തു ചെയ്തു ? എഴുതുക.]

 (ii) ബുദ്ധിയുള്ളവൻ — ഈ വാക്കിനു പകരം ഈ പാഠത്തിലുള്ള ഒററവാക്കു് എടുത്തെഴുതുക.

 ബുദ്ധിയുള്ളവൻ =

 [ബുദ്ധിമാൻ.]

4\. എ, പു, ലി—ഈ മൂന്നക്ഷരങ്ങളിൽനിന്നു നമുക്കു രണ്ടു ജീവികളുടെ പേരുണ്ടാക്കാം. ആർക്കാണു് അതിനു മിടുക്കു്?

[എലി, പുലി.]

തവള—ഇതൊരു ജീവിയുടെ പേരല്ലേ. നമുക്കു് ഈ പേരുകൊണ്ടു് കയ്യിലേയ്ക്കും കാലിലേയ്ക്കും ഓരോ ആഭരണം ഉണ്ടാക്കണം. ആർക്കു കഴിയും ?

[തള, വള.]

——

പാഠം ൩൨

മഹാബലി

ദേവന്മാരെന്നും അസുരന്മാരെന്നും രണ്ടു വർഗ്ഗക്കാർ ഉണ്ടു്. അവർ തമ്മിൽ എപ്പോഴും കലഹവും യുദ്ധവുമാണ്. ദേവന്മാർ സ്വർഗ്ഗത്തിൽ താമസിക്കുന്നു; അസുരന്മാർ പാതാളത്തിലും. അങ്ങനെയാണ്, പണ്ടുള്ളവർ വിശ്വസിച്ചുപോന്നതു്.

ഒരിക്കൽ അസുരന്മാരുടെ നായകൻ മഹാബലി എന്നൊരു മഹാശക്തൻ ആയിരുന്നു. ആ അസുരചക്രവർത്തി ദേവന്മാരെ തോല്പിച്ചു; മൂന്നു ലോകവും കീഴടക്കി. ബലിക്കു സ്വർഗ്ഗത്തേക്കാളും പാതാളത്തേക്കാളും നല്ലതായിട്ടു തോന്നിയതു ഭൂമിയാണ്. അല്ലെങ്കിൽ, മഹാബലിയുടെ രാജധാനി പുണ്യഭൂമിയായ ഇന്ത്യയിൽ ആകുമായിരുന്നില്ലല്ലൊ. നമ്മുടെ നാട്ട് അത്ര മനോഹരം ആയിരുന്നു.

മഹാബലിയുടെ ഭരണകാലത്തു മനുഷ്യർക്കു നല്ല സുഖമായിരുന്നു. അസുരന്മാരുടെയും സുരന്മാരുടെയും കാര്യം അറിഞ്ഞുകൂടാ.

സത്യമേ ഉള്ളു; അസത്യമില്ല. സമ്പത്തേ ഉള്ളു; ദാരിദ്ര്യമില്ല. ആരോഗ്യമേ ഉള്ളു; അനാരോഗ്യമില്ല. സുഖമേ ഉള്ളു; ദുഃഖമില്ല. ജനങ്ങൾക്കു മഹാബലിയോട് എന്തെന്നില്ലാത്ത സ്നേഹവും ഭക്തിയും നന്ദിയും തോന്നി. അതിൽ അത്ഭുതപ്പെടാനുണ്ടോ ?

ഇന്ത്യയിൽ നർമ്മദ എന്നൊരു പുണ്യനദി ഉണ്ട്. മഹാബലി ഒരിക്കൽ ആ നദിയുടെ തീരത്തു് ഒരു യാഗം നടത്തി. യാഗത്തിൽ വലിയ ദാനങ്ങളും ഉണ്ടായിരുന്നു. അർഹതയുള്ള ആളുകൾ ആഗ്രഹിക്കുന്നതൊക്കെ മഹാബലി ദാനം ചെയ്തു.

ദാനം വാങ്ങാൻ ചെന്നവരുടെ കൂട്ടത്തിൽ പൊക്കം കുറഞ്ഞ ഒരു ബ്രാഹ്മണക്കുട്ടി ഉണ്ടായിരുന്നു. വാമനൻ എന്നായിരുന്നു പേരു്. ആ ബാലൻെറ തേജസ്സും സൗന്ദര്യവും കാണികളെ അത്ഭുതപ്പെടുത്തി. വിനയവും മുഖശോഭയും കണ്ടപ്പോൾ മഹാബലിക്കും കൗതുകം തോന്നി. ആ ബ്രാഹ്മണബാലനെ വേണ്ടപോലെ പൂജിച്ചതിനുശേഷം അസുരചക്രവത്തി പറഞ്ഞു: 'അങ്ങേയ്ക്കു് എന്താണു വേണ്ടതു് ? എന്തു ചോദിച്ചാലും ഞാൻ ആത്മസന്തോഷപൂർവ്വം ദാനം ചെയ്യാം.'

വാമനൻ:—പ്രഭോ, എനിക്കു മൂന്നടി മണ്ണു തരണം. എനിക്കു് ഇരുന്നു തപസ്സു ചെയ്യാനാണു്.

മഹാബലി:—മൂന്നടി മണ്ണുമാത്രമോ! എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളൂ. സംശയിക്കേണ്ട.

വാമനൻ:—മൂന്നടി മണ്ണുകൊണ്ടു് എനിക്കു തൃപ്തി വരില്ലെങ്കിൽ, മൂന്നു ലോകംകൊണ്ടും അതുണ്ടാവുകയില്ല. എനിക്കു മൂന്നടി നിലമേ വേണ്ടൂ. വേണ്ടതിൽ അധികം ഞാൻ എന്തിനാണു് വാങ്ങുന്നതു്?

മഹാബലിക്കു കുട്ടിയുടെ വാക്കു കേട്ടിട്ടു വിസ്മയം തോന്നി. അസുരഗുരുവായ ശുക്രനും അത്ഭുതപ്പെട്ടു നില്ക്കുകയായിരുന്നു. ആചാര്യൻ ചക്രവർത്തിയുടെ ചെവിയിൽ മന്ത്രിച്ചു: "ഈ കുട്ടി മഹാവിഷ്ണുവാണു്; ദേവന്മാൎക്കു വേണ്ടി വന്നിരിക്കയാണു്. ചതിക്കും; ദാനം ചെയ്യരുതു്."

മഹാബലി സത്യവാനാണു്. കൊടുക്കാമെന്നു പറഞ്ഞുകഴിഞ്ഞു. ഇനി ആ പ്രതിജ്ഞ എങ്ങനെ ലംഘിക്കും? തന്റെ സാമ്രാജ്യത്തെക്കാളും അദ്ദേഹത്തിനു വിലയേറിയതു സത്യമാണു്. ആചാര്യന്റെ ഉപദേശം ധൎമ്മത്തിനു്

എതിരായിരുന്നു. അതുകൊണ്ടു ചക്രവർത്തി അനുസരിച്ചില്ല. ദാനം ചെയ്യുന്ന ആൾ ദാനം വാങ്ങുന്ന ആളിൻെറ കൈയിൽ ആദ്യം ജലം പകരണം. ബലി ആ കർമ്മം ആചരിച്ചു. മൂന്നടി മണ്ണ് അളന്നെടുക്കാൻ അപേക്ഷിക്കയും ചെയ്തു.

പെട്ടെന്നു വാമനൻെറ രൂപം മാറി. ലോകം നിറഞ്ഞു കവിഞ്ഞ ഈശ്വരൻെറ ചൈതന്യം മഹാബലി കണ്ടു. ഒരു ചുവടു കൊണ്ടു ഭൂമിയും പാതാളവും വാമനൻ

അളന്നു; ഒരു ചുവടായിട്ടു സ്വർഗ്ഗവും കീഴ്പ്പെടുത്തി; എന്നിട്ടു ചോദിച്ചു: "മൂന്നാമത്തെ അടിക്ക് ഇടമെവിടെ?"

മഹാബലി തലകുനിച്ചുകൊണ്ടു പറഞ്ഞു: 'ഇവിടെ'. വാമനൻ ബലിയുടെ തലയിൽ പാദം വച്ചു. ബലി, ആ ദേവൻെറ അനുഗ്രഹത്തോടെ പാതാളത്തിലേയ്ക്കു താഴുകയും ചെയ്തു.

മഹാബലി നല്ല രാജാവു് ആയിരുന്നു. എങ്കിലും അല്പം അഹങ്കാരം ഉണ്ടായിരുന്നു, അദ്ദേഹത്തിനു്. തന്നെപ്പോലെ സമ്പന്നനും ദാനശീലനും ശക്തനും ആയിട്ടു് ആരുമില്ല, എന്നു ബലി വിചാരിച്ചിരുന്നു. ഇല്ലെങ്കിൽ, ദേവന്മാർ ശ്രമിച്ചാലും ആ ചക്രവർത്തിക്ക് ഒന്നും പററുമായിരുന്നില്ല. തൻെറ നന്മയേയും മേന്മയേയും കുറിച്ചു് ആക്കും ഗർവ്വം തോന്നരുതു്.

മഹാബലിയെ ആരും മറക്കില്ല. കേരളത്തിലുള്ള ആളുകൾ ആ നല്ല ചക്രവർത്തിയുടെ ഓർമ്മയ്ക്കുവേണ്ടി ആണ്ടുതോറും ഓണം കൊണ്ടാടുന്നു. ചിങ്ങമാസത്തിലെ തിരുവോണത്തിൻനാൾ മഹാബലി ഈ നാടു കാണാൻ വരുമത്രെ.

1. വിട്ടുപോയ അക്ഷരം ചേർക്കുക:—

(i) ന — ദ എന്നൊരു പുണ്യനദി ഉ — .

(ii) ഈ — രൻെറ — തന്ത്യം മ — ബലി കണ്ടു.

2. വിപരീതപദം എഴുതുക:—

അസത്യം × —.
അനാരോഗ്യം × —.
അസുരൻ × —.
ദുഃഖം × —.

3. (i) ശുക്രൻ ആരുടെ ഗുരുവാണ് ?
അദ്ദേഹം ബലിയോട് എന്തുപറഞ്ഞു?
ശുക്രൻെറ ഉപദേശം ബലി കേട്ടുവോ?
എന്തുകൊണ്ടു കേട്ടില്ല?

(ii) മഹാബലിയുടെ തലയിൽ ആരാണ പാദം വച്ചതു്?
മഹാബലിക്കു് എന്തുപററി?
എന്താണതിനു കാരണം ?

(iii) വാമനൻ ആയി അവതരിച്ചതു് ആരാണു് ?

———

٢٢٠

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1959.